# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.16 | No.9 | കാർത്തികപ്പള്ളി | R.No. 7361/02 | 2016 SEPTEMBER

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


## അദൃശ്യമായ ട്രെയിൻ!

ജപ്പാനിലെ പ്രമുഖ ആർക്കിടെക്റ്റുമാരിൽ ഒരാളാണ് കസൂയോ സെജിമ. നയനമനോഹരമായ നിരവധി കെട്ടിടങ്ങളുടെ നിർമാണത്തിൽ സഹകരിച്ച സെജിമ ഇപ്പോൾ താരമാകുന്നത് വ്യത്യസ്തമായ നിർമിതികൊണ്ടാണ്. മറ്റൊന്നുമല്ല, ജപ്പാനിൽ സർവീസ് നടത്തുന്ന ട്രെയിനുകൾക്ക് അടിമുടിയൊരു മാറ്റം നല്കുകയാണ് സെജിമയുടെ പുതിയ ജോലി. സെജിമയുടെ സ്വന്തം സ്ഥാപനമായ സനായുടെ നേതൃത്വത്തിലായിരിക്കും പുതിയ പദ്ധതി നടപ്പിലാവുക. പൂർണമായും പ്രതിബിംബമുണ്ടാ



ക്കുന്ന പ്രതലത്തോടുകൂടിയായിരിക്കും ട്രെയിനുകളുടെ മേക്ക് ഓവർ. ഇത് ട്രെയിനുകൾക്ക് പ്രകൃതിയോടു ചേരുന്ന നിറം നൽകുന്നതിനാൽ ഓടുമ്പോൾ കണ്ണിൽപ്പെടില്ല. ഇത്തരത്തിലുള്ള ലിമിറ്റഡ് എഡിഷൻ ട്രെയിനുകൾ ഉടൻ പാളത്തിലിറങ്ങുമെന്നാണ് കരുതുന്നത്.

## വീട്ടുകാര്യം നോക്കാൻ സെൻബോ

വീട്ടുകാര്യം നോക്കാൻ റൊബോട്ട് വരുന്നു. വയോധികരെയും കുഞ്ഞുങ്ങളെയും ശ്രദ്ധിക്കാൻ സെൻബോക്കു കഴിയുമെന്നാണു നിർമാതാക്കളായ അസൂസിന്റെ അവകാശവാദം. വില 42,000 രൂപ.


കാർട്ടൂൺ കഥാപാത്രമായ ഡോറേമോനോട് സാമ്യമുള്ളതിനാൽ സെൻബോയെ



കുട്ടികൾക്ക് ഇഷ്ടമാകുമെന്നാണു പ്രതീക്ഷ. സംസാരഭാഷ മനസിലാക്കാനുള്ള കഴിവ് ഇവയ്ക്കുണ്ട്. കഥകൾ പറഞ്ഞുകൊടുക്കാനും സാധിക്കും. എന്നാൽ വീട്ടുസുരക്ഷയാണു അസൂസ് പ്രധാനമായി ഉദ്ദേശിക്കുന്നത്. വീട്ടിനുള്ളിലെ ചലനങ്ങൾ സെൻബോ ശ്രദ്ധിക്കും. കുട്ടികൾക്കും മുതിർന്നവർക്കുമൊപ്പം ഇതു സഞ്ചരിക്കും.

വീട്ടിനുള്ളിൽ ആരെങ്കിലും വീഴുകയാണെങ്കിൽ സെൻബോ സെൻസറുകൾ കണ്ടുപിടിക്കും. ഉടൻ സന്ദേശങ്ങളും നൽകും. വീട്ടിനുള്ളിൽ സെക്രട്ടറിയുടെ ജോലിയാണു സെൻബോയ്ക്കുള്ളതെന്നാണു അസൂസ് സെൻബോ ചെയർമാൻ ജോണി ഷിയുടെ നിലപാട്. പ്രധാന കൂടിക്കാഴ്ചകൾ, മരുന്നുകൾ കഴിക്കേണ്ട സമയം എന്നിവയെല്ലാം ഈ റൊബോട്ട് ഓർമിപ്പിക്കും. ഫോൺകോളുകൾ, സോഷ്യൽ മീഡിയ സന്ദേശങ്ങൾ എന്നിവയ്ക്കും സഹായം ലഭിക്കും. ദൂരെ നിന്നു മൊബൈൽ ഫോൺ വഴി സെൻബോയെ നിയന്ത്രിക്കാനും കഴിയും.

## ദേ, പോയി...



ഇതിന്റെ വേഗം കേട്ടാൽ ഞെട്ടും. മണിക്കൂറിൽ 1228 കിലോമീറ്റർ. സംഭവം വിമാനമൊന്നുമല്ല. ഒരു കാറാണ്. പേര് ത്രസ്റ്റ് സൂപ്പർ സോണിക് കാർ. റിച്ചാർഡ് നോബിൾ എന്ന ബ്രിട്ടീഷുകാരനാണ് ജെറ്റുവിമാനത്തിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ കാർ ഉണ്ടാക്കിയത്. പരീക്ഷണ ഓട്ടം നടത്തിയതോ, ബ്രിട്ടീഷ് എയർഫോഴ്സിലെ പൈലറ്റുമാരും. ഏതായാലും സാങ്കേതികവിദ്യ പരീക്ഷിക്കുക എന്നതുമാത്രമേ ഈ കാറുകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. അടുത്ത കാലത്തൊന്നും റോഡിലിറങ്ങില്ലെന്നർഥം.


**സുവിശേഷീകരണത്തിനും ആധികാരിക വേദപുസ്തക പഠനത്തിനും**

ടൈറ്റസ് കാർത്തികപ്പള്ളി
കേരള – 690516

✆ 9847232598
✆ 9847990939


## മരിച്ചാലും മരിക്കുന്നില്ല

മരണത്തെക്കുറിച്ചു പുതിയ വ്യാഖ്യാനവുമായി ശാസ്ത്രജ്ഞർ. അവയവദാനം അടക്കമുള്ള തുടർ നടപടികളിൽ സ്വാധീനം ചെലുത്തുന്ന കണ്ടെത്തലാണ് വാഷിങ്ടൺ സർവകലാശാലയിലെ ശാസ്ത്രജ്ഞർ പുറത്തുവിട്ടത്.

ഒരു വ്യക്തി മരിച്ചാലും 1,063 ജീനുകൾ സജീവമാണെന്നാണു പ്രധാന കണ്ടെത്തൽ. മരണത്തിനുശേഷം ശരീരകോശങ്ങളുടെ പ്രവർത്തനം പൂർണമായി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായാണു ജീനുകൾ പ്രവർത്തിക്കുന്നത്.

1063ജീനുകളിൽ പാതിയും ജീവികളുടെ ഹൃദയത്തിന്റെ പ്രവർത്തനം നിലച്ച് അര മണിക്കൂറിനുശേഷമാണു സജീവമാകുന്നത്. 48 മണിക്കൂർ ഇവയുടെ പ്രവർത്തനം നീളും. പ്രവർത്തിക്കാൻ ആവശ്യമായ ഊർജ്ജം ഇവയ്ക്കു ലഭിക്കുന്നുണ്ടെന്നതാണ് മറ്റൊരു വസ്തുത.




സമ്മർദ്ദം ഉണ്ടാകുമ്പോൾ പ്രവർത്തിക്കുന്ന ജീനുകളും ഈ ഘട്ടത്തിൽ സജീവമാകുന്നുണ്ട്. ശരീരം ഭ്രൂണാവസ്ഥയിൽ ആയിരിക്കുമ്പോൾ പ്രവർത്തിക്കുന്ന ജീനുകളും മരണത്തിനുശേഷം സജീവമാകും. ചിലത് ജീവനുള്ളപ്പോൾ നിദ്രാവസ്ഥയിലുള്ള ജീനുകളാണ്. ഡി. എൻ. എ. യിൽ ഉണ്ടാകുന്ന മാറ്റമാണ് ഇവയെ സജീവമാക്കുന്നത്. കമ്പ്യൂട്ടർ ഷട്ട്ഡൗൺ ചെയ്യാൻ ഒരുങ്ങുന്നതുപോലെ ശരീരത്തെ പ്രകൃതിയിൽ ലയിപ്പിക്കാനുള്ള മാറ്റങ്ങളാണു അവസാനഘട്ടത്തിൽ ജീനുകൾ ഒരുക്കുന്നതെന്നാണു വിശദീകരണം.

## അടിമകളുടെ രാജ്യം



ലോകത്തിൽ ഏറ്റവുമധികം അടിമകളുള്ള രാജ്യമെന്ന നാണക്കേട് ഇന്ത്യയ്ക്ക് സ്വന്തം. ലോകമെമ്പാടുമുള്ള 4.60 കോടി അടിമകളിൽ 1.80 കോടി പേരും ഇന്ത്യയിലാണെന്ന് ഓസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടന വാക്ക് ഫ്രീ ഫൗണ്ടേഷൻ പുറത്തുവിട്ട കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വേശ്യാവൃത്തി മുതൽ ഭിക്ഷാടനം വരെയുള്ള നിർബന്ധിത തൊഴിൽ ചെയ്യുന്നവർ ഇതിൽ ഉൾപ്പെടും. 167 രാജ്യങ്ങളിൽ പഠനം നടത്തിയാണു വാക്ക് ഫ്രീ ഫൗണ്ടേഷൻ പട്ടിക പുറത്തിറക്കിയിരിക്കുന്നത്. അടിമകളുടെ എണ്ണത്തിൽ ആദ്യ അഞ്ച് സ്ഥാനങ്ങളും ഏഷ്യൻ രാജ്യങ്ങൾക്കാണ്. ചൈന (33 ലക്ഷം), പാകിസ്താൻ (21 ലക്ഷം), ബംഗ്ലാദേശ് (15 ലക്ഷം), ഉസ്ബക്കിസ്ഥാൻ (12 ലക്ഷം) എന്നിങ്ങനെയാണ് രണ്ടു മുതൽ അഞ്ചു വരെ സ്ഥാനങ്ങളിലുള്ള രാജ്യങ്ങളിലെ അടിമ ജനസംഖ്യ.

## മരണത്തെ തോൽപ്പിക്കാൻ ടൈംഷിപ്പ്



മരണത്തെ തോൽപ്പിക്കുന്ന കാലത്ത് മനുഷ്യൻ എത്തിച്ചേർന്നാൽ! മരണത്തിനുശേഷം ഭൂമിയിൽ തിരിച്ചെത്താൻ ആഗ്രഹിക്കുന്നവർക്കു വേണ്ടിയുള്ള പ്രത്യേക സെമിത്തേരി- ടൈംഷിപ്പി(സമയക്കപ്പൽ)ന്റെ നിർമാണം ടെക്സാസിൽ തുടങ്ങി. 50,000 മൃതദേഹങ്ങളാകും ഇവിടെ സൂക്ഷിക്കുക. അവയവങ്ങൾ, ത്വക്ക് എന്നിവയും പരേതരുടെ "ആവശ്യത്തിനായി" ഇവിടെ സൂക്ഷിക്കും. മൃഗങ്ങളുടെ ശരീരവും ഇവിടെ സൂക്ഷിക്കണമെന്ന ആവശ്യം പരിഗണനയിലാണ്. സ്റ്റീഫൻ വാലന്റെൻ ആണു പദ്ധതിക്കു പിന്നിൽ. ഭാവിയിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മൃതദേഹങ്ങളിലെ കേടുപാടുകൾ നീക്കി ജീവൻ തിരിച്ചുകൊണ്ടുവരാമെന്നു വിശ്വസിക്കുന്നവർക്കാണ് ടൈംഷിപ്പിൽ സ്ഥാനം. പ്രകൃതി ക്ഷോഭം, ഭീകരാക്രമണങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ കഴിയുന്ന രീതിയിലാണു രൂപകൽപന.

## ചൊവ്വയിലേക്ക് തപാൽ അയയ്ക്കാം




ചൊവ്വയിലേക്കു സമ്മാനങ്ങളോ സന്ദേശങ്ങളോ അയയ്ക്കണോ? വെറും രണ്ട് വർഷം കാത്തിരുന്നാൽ മതിയെന്നാണു ബഹിരാകാശ സ്ഥാപനമായ സ്പേസ്എക്സ് പറയുന്നത്.

സമ്മാനങ്ങൾക്ക് ചെലവേറും. നാല് കിലോ ഭാരമുള്ള സമ്മാനം ചൊവ്വയിലെത്തിക്കാൻ 326 കോടി രൂപയാകും. ഫാൽക്കൺ 9 റോക്കറ്റിലാകും വസ്തുക്കൾ കയറ്റി അയയ്ക്കുക. 14 കിലോ ഭാരമുള്ള വസ്തുക്കൾ കയറ്റി അയയ്ക്കണമെങ്കിൽ ഫാൽക്കൺ ഹെവി റോക്കറ്റ് ഉപയോഗിക്കണം. ഇതിനു 540 കോടി രൂപയിലേറെ ചെലവാകും. 2030ൽ മനുഷ്യരെ ചൊവ്വയിലെത്തിക്കാനും സ്പേസ്എക്സിനു പദ്ധതിയുണ്ട്.


**വേദാഭിമാനി**
വായിക്കുക – പ്രതികരിക്കുക

ടൈറ്റസ് കാർത്തികപ്പള്ളി
കേരള–690516
✆ 9847232598
✆ 9847990939
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 I മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# തകർത്തതെന്തിന്?

ഫിലിപ്പിയർ 4:13-ൽ വി.പൗലോസ് എഴുതുന്നു: "എന്നെ ശക്തനാക്കുന്ന ക്രിസ്തുവിൽ എനിക്കെല്ലാം സാധ്യമാണ്. സഹനങ്ങൾ നമ്മുടെ ജീവിതത്തിൽ കടന്നുവരുമ്പോൾ ക്രിസ്തുവിനോടു ചേർന്നു നിൽക്കുന്നവർ പിടിച്ചുനിൽക്കും. ചെറുതും വലുതുമായ സഹനങ്ങൾ നമുക്കനുവദിക്കുമ്പോൾ പലപ്പോഴും നാം പകച്ചു നിൽക്കാറില്ലേ? എന്തിനു വേണ്ടിയാണ് സഹനങ്ങൾ എന്നതിനെക്കുറിച്ച് നമുക്കല്പമൊന്നു ധ്യാനിക്കാം. ഒന്നാമതായി നമുക്ക് അത്യാവശ്യമായി ഒരു വീണ്ടെടുപ്പ് വേണമെന്ന് സഹനം നമ്മെ പഠിപ്പിക്കുന്നു. നിസ്സഹായവസ്ഥയിലും തകർച്ചയിലുമാണ് ഞാനെത്തിയിരിക്കുന്നതെന്നും അടിയന്തരമായ ഒരു വീണ്ടെടുപ്പ് എനിക്കാവശ്യമാണെന്നും സഹനം നമ്മെ ഓർമ്മിപ്പിക്കുന്നു. എനിക്കൊരു കുറവുമില്ല, ഞാനെല്ലാം തികഞ്ഞവനാണ് എന്നു കരുതിയിരിക്കുമ്പോൾ ഒരു മാരക രോഗം എന്നെ പിടികൂടുന്നു. ഞാനെത്രയോ നിസ്സാരനാണെന്ന ബോധ്യത്തിലേക്ക് ഞാൻ കടന്നുവരുന്നു. ഞാനും മറ്റുള്ളവരെപ്പോലെ ഒരു സാധാരണ മനുഷ്യനാണെന്നും ഒരു വീണ്ടെടുപ്പില്ലാതെ എനിക്കു മുന്നോട്ടു പോകാനാവില്ലെന്നും ഞാൻ തിരിച്ചറിയുന്നു.



രണ്ടാമതായി ദൈവത്തിലും, മറ്റു മനുഷ്യരിലും ആശ്രയിക്കാതെ എനിക്കു തുടരാനാവില്ലെന്ന് സഹനം എന്നെ ഓർമ്മിപ്പിക്കുന്നു. ഞാനൊന്നുമല്ലെന്നും എനിക്കൊന്നുമില്ലെന്നും ദൈവമല്ലാതെ മറ്റൊന്നിനും എന്നെ രക്ഷിക്കാനാവില്ലെന്നുമുള്ള ഒരു പാഠം ഞാനിവിടെ പഠിക്കുന്നു. പരസ്പരാശ്രയത്തിലൂടെയേ എനിക്കു ജീവിക്കാൻ കഴിയൂ എന്ന വലിയ ബോധ്യം സഹനം സമ്മാനിക്കുന്നു. മൂന്നാമതായി സ്വന്തം വലിപ്പത്തേയും, സ്വകാര്യതയേയും സഹനം തകിടം മറിക്കുന്നു. ഒരു വ്യക്തിയെ എളിമപ്പെടുത്താനും വിനയാന്വിതനാക്കാനും സഹനത്തെക്കാൾ വലിയ മറ്റൊരു വഴിയില്ല. നാലാമതായി, മറ്റുള്ളവരുമായി മത്സരിക്കേണ്ടവനല്ലെന്നും, മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടവനാണെന്നും സഹനം പഠിപ്പിക്കുന്നു. നമ്മുടെ എല്ലാ മത്സരങ്ങളും സഹനത്തിന്റെ മുമ്പിൽ അവസാനിക്കും. അപരന്റെ സഹായമില്ലാതെ ഒരടിപോലും മുന്നോട്ടുവയ്ക്കാനാവില്ലെന്ന അറിവ് എന്നെ വിനയാന്വിതനാക്കുന്നു. അപരനിലേക്ക് എളിമയോടെ തിരിയുവാൻ സഹനം എന്നെ പ്രേരിപ്പിക്കുന്നു.

അഞ്ചാമതായി, സുഖലോലുപതയിൽനിന്ന് ജീവിതത്തിന്റെ അത്യാവശ്യങ്ങളിലേക്ക് സഹനം എന്നെ എത്തിക്കുന്നു. എല്ലാ സുഖങ്ങളും സന്തോഷങ്ങളും പരമാവധി ആസ്വദിക്കാനുള്ള ശ്രമത്തിൽ നിന്നും പച്ചയായ ജീവിതത്തിന്റെ അത്യാവശ്യങ്ങളിലേക്കു മാത്രം ഞാൻ ശ്രദ്ധിക്കുന്നു. അത്യാവശ്യമുള്ള മരുന്ന്, ഭക്ഷണം എന്നിവയിലേക്കു ശ്രദ്ധ തിരിച്ചുകൊണ്ട് ഏറ്റവും ചുരുങ്ങിയ വസ്തുക്കൾ കൊണ്ട് തൃപ്തിയടയുവാൻ ഞാൻ പഠിക്കുന്നു. ആറാമതായി, ക്ഷമാശീലത്തിൽ വളരുവാൻ സഹനം എന്നെ സഹായിക്കുന്നു. ഒത്തിരി ക്ഷമയോടെ കാത്തിരിക്കുവാനും കാത്തിരിപ്പിന്റെ അവസാനം ലഭിക്കുന്ന സഹായത്തിന് ദൈവത്തിന് നന്ദി പറഞ്ഞ് ദൈവത്തിൽതന്നെ ആശ്രയിക്കുവാനും എന്നെ ശക്തിപ്പെടുത്തുന്ന ഔഷധമായി സഹനം മാറുന്നു.

ഏഴാമതായി, കാര്യഗൗരവമുള്ള ഭയവും അകാരണമായ ഭയവും തമ്മിലുള്ള വ്യത്യാസം ഞാൻ തിരിച്ചറിയുന്നു. വലിയ രോഗത്തിന്റെയും ക്ഷീണത്തിന്റെയും മുമ്പിൽ ചെറിയ ചെറിയ ഭയങ്ങൾ അസ്ഥാനത്തായിത്തീരുന്നു.

അവസാനമായി, സഹനസന്ദേശങ്ങൾ സുവിശേഷത്തിന്റെ സദ്വാർത്ത എന്നെ ഓർമ്മിപ്പിക്കുന്നു. ഭീഷണിയോ ശാസനയോ ആയല്ല സഹനം കടന്നുവരുന്നത്. ദൈവത്തിന്റെ കരുതലും സ്നേഹവും പരിഗണനയും പഠിപ്പിച്ചുകൊണ്ടാണ് സുവിശേഷം സഹനത്തെ നേരിടുവാൻ എന്നെ പഠിപ്പിക്കുന്നത്. എല്ലാറ്റിലുമുപരി ദൈവമാണ് എന്റെ ആശ്വാസദായകനും വഴികാട്ടിയും സുഹൃത്തുമെന്ന് സഹനം എന്നെ ബോദ്ധ്യപ്പെടുത്തുന്നു.

# ആത്മവിശ്വാസമില്ലെങ്കിൽ

ഒരിക്കൽ ഒരു വലിയ കമ്പനിയുടെ ഉടമ ഒരു വൻ കടക്കെണിയിൽ വീണു. ലക്ഷക്കണക്കിനു ഡോളർ പലർക്കും കൊടുക്കാനുള്ള അവസ്ഥ. കമ്പനിക്കു പല ബിസിനസ് സംരംഭങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഒന്നുംതന്നെ വിജയത്തിലല്ലായിരുന്നു. എവിടെനിന്നെങ്കിലും വലിയ തുക ലഭിച്ചില്ലെങ്കിൽ കമ്പനി അടച്ചുപൂട്ടുമെന്ന അവസ്ഥയിലായി.



കമ്പനി അടച്ചുപൂട്ടാതിരിക്കാൻ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ച കമ്പനി ഉടമ അല്പം ആശ്വാസം ലഭിക്കാൻ അടുത്തുള്ള പാർക്കിലേക്കു പോയി. അവിടെ ഒരു തണൽമരത്തിനടിയിലുള്ള ബഞ്ചിലിരുന്ന് അയാൾ ആലോചിക്കാൻ തുടങ്ങി. അപ്പോൾ മാന്യമായി വസ്ത്രം ധരിച്ച ഒരു വൃദ്ധൻ അയാളുടെ മുന്നിലെത്തി.

അല്പസമയം കമ്പനി ഉടമയെ സൂക്ഷിച്ചുനോക്കിയശേഷം സാന്ത്വനം സ്ഫുരിക്കുന്ന സ്വരത്തിൽ വൃദ്ധൻ ചോദിച്ചു. നിങ്ങൾക്ക് എന്തുപറ്റി? എന്തോ കാര്യം നിങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതായി തോന്നുന്നല്ലോ?

അപ്പോൾ പ്രത്യേകിച്ചൊന്നും ആലോചിക്കാതെ കമ്പനി ഉടമ തന്റെ കദനകഥ പറഞ്ഞു. എവിടെനിന്നെങ്കിലും കുറെ പണം ലഭിക്കാതെ താൻ രക്ഷപ്പെടില്ല എന്നു വരെ അയാൾ പറഞ്ഞു. അപ്പോൾ വൃദ്ധൻ പറഞ്ഞു: എനിക്കു നിങ്ങളെ സഹായിക്കാൻ സാധിക്കുമെന്നു തോന്നുന്നു. എന്താണ് നിങ്ങളുടെ പേര്?

ഉടനെ കമ്പനി ഉടമ തന്റെ പേരു പറഞ്ഞു. അപ്പോൾ വൃദ്ധൻ പോക്കറ്റിൽനിന്നു തന്റെ ചെക്ക് ബുക്ക് എടുത്ത് അയാളുടെ പേരിൽ ഒരു ചെക്ക് എഴുതി. ആ ചെക്ക് അയാൾക്കു കൊടുത്തുകൊണ്ടു വൃദ്ധൻ പറഞ്ഞു: നിങ്ങൾ ഈ ചെക്ക് സ്വീകരിക്കൂ. എന്നിട്ട് നിങ്ങളുടെ കടം വീട്ടി ബിസിനസ് മെച്ചപ്പെടുത്തൂ. കൃത്യം ഒരു വർഷത്തിനുശേഷം നമ്മൾ ഇവിടെവച്ചു കാണും. അപ്പോൾ നിങ്ങൾക്ക് എന്റെ പണം മടക്കിത്തരാം.

ഇത്രയും പറഞ്ഞശേഷം വൃദ്ധൻ പുറംതിരിഞ്ഞു വന്നവഴിയിലൂടെ വേഗം അപ്രത്യക്ഷനായി. അദ്ദേഹം പോയപ്പോൾ കമ്പനി ഉടമ ചെക്കിലേക്കു നോക്കി. അഞ്ചുലക്ഷം ഡോളറിന്റെ ഒരു ചെക്ക്. അതിൽ ഒപ്പിട്ടിരിക്കുന്നതാകട്ടെ ആ കാലഘട്ടത്തിലെ വലിയ കോടീശ്വരന്മാരിലൊരാളായിരുന്ന ജോൺ റോക്ക് ഫെല്ലറും.

എന്റെ പ്രശ്നങ്ങളെല്ലാം ഒറ്റ നിമിഷംകൊണ്ട് അവസാനിച്ചിരിക്കുന്നു. അയാൾ സ്വയം പറഞ്ഞു. എന്നിട്ട് അയാൾ നേരെ തന്റെ ഓഫീസിലേക്കു പോയി. അപ്പോഴേക്കും അയാളുടെ ആത്മവിശ്വാസം പത്തിരട്ടിയായി വർധിച്ചിരുന്നു. അയാൾ തന്റെ കമ്പനിയുടെ പ്രശ്നങ്ങളെക്കുറിച്ചു വീണ്ടും ചിന്തിച്ചു. ഉടനെ അയാൾ ഒരു തീരുമാനത്തിലെത്തി. തനിക്കു വായ്പയായി ലഭിച്ച ചെക്ക് തത്കാലം ബാങ്കിൽ നിക്ഷേപിക്കുന്നതിനു പകരം സുരക്ഷിതമായി തന്റെ സെയ്ഫിൽ സൂക്ഷിക്കാനായിരുന്നു അയാളുടെ തീരുമാനം.

തന്റെ കൈവശം അഞ്ചുലക്ഷം ഡോളർ ഉണ്ടല്ലോ എന്ന ആത്മവിശ്വാസത്തിൽ അയാൾ ചില പുതിയ ബിസിനസ് നടത്തി. അവയെല്ലാം വൻ വിജയങ്ങളായി മാറി. അങ്ങനെ അയാൾ കടക്കെണിയിൽനിന്നു പുറത്തുവന്നു. എന്നുമാത്രമല്ല, അയാൾ കമ്പനിയെ വീണ്ടും ലാഭത്തിലെത്തിച്ചു.

വർഷമൊന്നു കഴിഞ്ഞപ്പോൾ അയാൾ സെയ്ഫിൽ സൂക്ഷിച്ചിരുന്ന ചെക്കുമെടുത്തു മുൻപു പോയ പാർക്കിൽ വീണ്ടുമെത്തി. അല്പം കഴിഞ്ഞപ്പോൾ മുൻപ് ചെക്ക് നൽകിയ വൃദ്ധൻ പ്രത്യക്ഷപ്പെട്ടു. ഉടനെ വൃദ്ധനോടു തന്റെ വിജയകഥ പറയാൻ തുടങ്ങുമ്പോൾ അടുത്തുള്ള ഒരു നഴ്സിംഗ് ഹോമിൽനിന്ന് ഒരു നഴ്സ് ഓടിയെത്തി അയാളോടു പറഞ്ഞു: ക്ഷമിക്കണേ, ഇദ്ദേഹം നിങ്ങളെ ശല്യപ്പെടുത്തിയില്ലെന്നു കരുതുന്നു. ഇദ്ദേഹം വിചാരിക്കുന്നതു താൻ റോക്ക് ഫെല്ലർ ആണെന്നാണ്. അങ്ങനെയാണ് എല്ലാവരോടും പറയുന്നത്.

അപ്പോൾ അയാളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. കഴിഞ്ഞ ഒരു വർഷമായി താൻ തന്റെ ബിസിനസ് വളർത്തിയതു തന്റെ സെയ്ഫിൽ അഞ്ചുലക്ഷം ഡോളറിന്റെ ഒരു ചെക്ക് ഇരിപ്പുണ്ടല്ലോ എന്ന ആത്മവിശ്വാസത്തിലായിരുന്നല്ലോ എന്ന് അയാൾ ഓർത്തു. അപ്പോൾ ഒരു കാര്യം അയാൾക്കു വ്യക്തമായി. അതായത് തന്റെ കമ്പനിയെ രക്ഷിച്ചതു യഥാർത്ഥത്തിൽ പണമായിരുന്നില്ല. പ്രത്യുത തന്റെ ആത്മവിശ്വാസം ആയിരുന്നു എന്ന കാര്യം.

അമേരിക്കൻ കോടീശ്വരനായിരുന്ന റോക്ക് ഫെല്ലറിനെ ബന്ധപ്പെടുത്തിയുള്ള ഈ കഥ ശരിക്കും സംഭവിച്ചതായിരിക്കാൻ സാധ്യതയില്ല. നമ്മുടെ ജീവിതത്തിലെ വിജയത്തിനു ആത്മവിശ്വാസം അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടി ഏതോ ഒരു ഭാവനാശാലി ഈ കഥ മെനഞ്ഞെടുത്തതാകാനാണു സാധ്യത.

ജീവിതവിജയത്തിനു നമുക്ക് ആത്മവിശ്വാസം കൂടിയേ തീരൂ. നമ്മുടെ കഴിവുകളിലും സിദ്ധികളിലുമൊന്നും ആത്മവിശ്വാസമില്ലെങ്കിൽ ജീവിതത്തിൽ വിജയപൂർവം മുന്നോട്ടുപോകാൻ നമുക്കു സാധിക്കില്ലെന്നതാണു വസ്തുത.

എന്നാൽ, ഇവയെക്കാളേറെ പ്രധാനപ്പെട്ടതു ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവുമാണ്. ദൈവത്താൽ അസാധ്യമായതൊന്നുമില്ലെന്നും നമ്മുടെ എല്ലാ കാര്യങ്ങളിലും ദൈവം നമ്മോടൊപ്പം ഉണ്ട് എന്നും ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ ആത്മവിശ്വാസത്തിന്റെ തോത് എപ്പോഴും ഉയർന്നുതന്നെ നിൽക്കും എന്നു മാത്രമല്ല, ഏതെങ്കിലും കാരണത്താൽ ജീവിതത്തിൽ ഒരു പരാജയം ഉണ്ടായാൽതന്നെ നമ്മുടെ ആത്മവിശ്വാസം അപ്പോൾ നഷ്ടപ്പെടുകയില്ല. തന്മൂലം ദൈവമാണ് നമ്മുടെ ആത്മവിശ്വാസത്തിന്റെ യഥാർഥ ഉറവിടം എന്നതു നമുക്കു മറക്കാതിരിക്കാം.




# സ്നേഹവും അംഗീകാരവും

**കു**ട്ടികളെ നമ്മുടെ കണക്കിനൊപ്പിച്ചു വളർത്താൻ നോക്കേണ്ട. അവരുടെ കണക്കെന്താണെന്നു കണ്ടുപിടിക്കാൻ സഹായിച്ചാൽ മാത്രം മതി. കുഞ്ഞുങ്ങളെ ഞെക്കിപ്പഴുപ്പിക്കേണ്ടതില്ല. അവർ താനേ പഴുക്കട്ടെ. ഞെക്കി പഴുപ്പിച്ച പഴത്തിനു മധുരം കുറയും. താനേ പഴുത്തതിനാകട്ടെ മധുരം കൂടും.

ഒരു കുട്ടിയുടെ രൂപാന്തരവും വളർച്ചയും പൂവു വിരിയുന്നതുപോലെ സ്വാഭാവികമായിരിക്കണമെന്ന് സ്രഷ്ടാവ് ആഗ്രഹിക്കുന്നു. കാറ്റും വെളിച്ചവും നൽകുകയാണു നമ്മുടെ കടമ. പൂവിരിയുന്നില്ലല്ലോ, വിരിയുന്നില്ലല്ലോ എന്ന ഉത്കണ്ഠ വേണ്ട. സമയമാകുമ്പോൾ അതു വിരിഞ്ഞുകൊള്ളും.

പ്രകൃതിയിലെ ഏറ്റവും വിശുദ്ധമായ സൃഷ്ടിയാണ് ശിശു. ആ സൃഷ്ടിയുടെ വിശുദ്ധി നിലനിർത്തുക മാത്രമാണ് നമ്മുടെ കടമ. ഈ കടമ നിർവ്വഹിക്കാൻ ഒരേയൊരു വഴിയേ മുമ്പിലുള്ളു: നാം നമ്മുടെ വിശുദ്ധി നിലനിർത്തുക.

പണ്ടത്തെ കുട്ടികളെയും ഇന്നത്തെ കുട്ടികളെയും തമ്മിൽ താരതമ്യം ചെയ്യുന്നതിൽ കഴമ്പൊന്നുമില്ല. കാലം മാറുമ്പോൾ ജീവിതശൈലികൾ മാറി വരുന്നുണ്ടാകാം. അതു കുട്ടികളെയും സ്വാധീനിക്കുന്നുണ്ടാകാം. ഒന്നു തീർച്ചയാണ്, അടിസ്ഥാനപരമായി മനുഷ്യന്റെ ആഗ്രഹങ്ങളും താല്പര്യങ്ങളുമൊക്കെ എക്കാലത്തും ഏതാണ്ട് ഒന്നുതന്നെയാണ്. അവനു സ്നേഹം വേണം. അംഗീകാരവും ആദരവും വേണം. നോക്കുക, അടിസ്ഥാനപരമായ താല്പര്യങ്ങൾ മാറുന്നില്ല. ട്രെൻഡുകൾ മാത്രമാണ് മാറുന്നത്. ഇതു മനസ്സിലാക്കിയാൽ ഇന്നത്തെ കുട്ടികളെ കൈകാര്യം ചെയ്യാൻ വളരെ എളുപ്പമാണ്.



കുടുംബത്തിൽനിന്ന് വേണ്ടത്ര പരിഗണന കിട്ടാത്ത കുട്ടികളാണ് ആൺപെൺഭേദമില്ലാതെ വഴിവിട്ട ബന്ധങ്ങളിൽ ചെന്നുപെട്ടുപോകുന്നത്. മൊബൈലും കമ്പ്യൂട്ടറുമൊക്കെ ഒരുക്കുന്ന പ്രലോഭനങ്ങളിൽ വളരെ വേഗം കുടുങ്ങിപ്പോകുന്നതും അത്തരക്കാർ തന്നെ. അതിനാൽ കുട്ടിയെ വേണ്ടതുപോലെ സ്നേഹിക്കുക. ഓരോ കുട്ടിക്കും വേണ്ടതെന്താണെന്നും ഏതളവിലാണെന്നും മാതാപിതാക്കൾക്കു മാത്രമേ അറിയാൻ കഴിയൂ. ഇതിന് ഒരു കൗൺസലറുടെ സഹായം, വേണ്ടി വന്നാൽ തേടുക തന്നെ വേണം.

ജനിക്കുമ്പോൾ കുട്ടി ഗർഭപാത്രത്തിൽ നിന്നു നേരെ മാതാപിതാക്കളുടെ ഹൃദയത്തിലേക്ക് വീഴട്ടെ. എങ്കിൽ പിൽക്കാലത്ത് അവരുടെ ഹൃദയത്തിൽ അധികം പോറലുകൾ വീഴില്ല.

# ആപ്പിൾ കോൺഫറൻസിൽ ഒമ്പതുകാരിയും



**താരമായത് ഇന്ത്യൻ വംശജയായ ഓസ്ട്രേലിയൻ സ്വദേശിനി അവിത വിജയ്**

**ആ**പ്പിളിന്റെ ആന്വൽ ഡെവലപ്പർ കോൺഫറൻസായ ഡബ്ല്യു.ഡബ്ല്യു.ഡിസി സമ്മേളനത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായിരുന്നു അവിത വിജയ് എന്ന ഒമ്പതുകാരി.

ഒമ്പതു വയസാണെങ്കിലും ഐ.ഒ.എസ്. കോഡിംഗിൽ കക്ഷി മിടുക്കിയാണ്. അതുതന്നെയാണ് ആപ്പിളിന്റെ സ്കോളർഷിപ്പ് നേടാൻ കാരണവും. 350 പേർക്കായിരുന്നു ഇത്തവണ സ്കോളർഷിപ്പ് ലഭിച്ചത്. ഇതിൽ 120 പേർ 18 വയസിനു താഴെയുള്ളവരായിരുന്നു. പത്തു വയസിൽ താഴെയുള്ളവരിൽ ഏക അംഗം അവിത മാത്രവും.

ആപ്പിളിന്റെ ഐഫോണിനും ഐപാഡിനും വേണ്ടി അവിത ആപ്ലിക്കേഷനുകൾ തയാറാക്കിയിരുന്നു. അവിതയുടെ സ്മാർക്കിൻസ് ആനിമൽ എന്ന ആപ്ലിക്കേഷൻ കുട്ടികൾക്ക് മൃഗങ്ങളുടെ പേരും ശബ്ദവും പഠിക്കാൻ ഉപകരിക്കും. ഒരു ആപ്ലിക്കേഷൻ നിർമിക്കാൻ നിരവധി കാര്യങ്ങളിൽ പ്രാവീണ്യമുണ്ടായിരിക്കണം. പ്രോട്ടോടൈപ്പിംഗ്, ഡിസൈനിംഗ്, ഫ്രേംമിംഗ് തുടങ്ങിയവയൊക്കെ ഇതിൽ ഉൾപ്പെടുമെന്ന് ഈ കൊച്ചു മിടുക്കി പറയുന്നു.

## കുട...! കിങ്ങിനു മാത്രം!



ക്രിസ്തുവിന് മൂവായിരം വർഷം മുമ്പുതന്നെ ഈജിപ്തിൽ കുടകൾ ഉപയോഗിച്ചിരുന്നു. ഇലകൾ മരക്കമ്പിൽ പ്രത്യേക രീതിയിൽ ഘടിപ്പിച്ചാണ് അക്കാലത്തെ കുടകൾ ഉണ്ടാക്കിയിരുന്നത്. മഴയത്ത് ഉപയോഗിക്കാനായിരുന്നില്ല അവർ കുടയുണ്ടാക്കിയിരുന്നത്.




വെയിലിൽ നിന്നും പൊടിക്കാറ്റിൽ നിന്നും രക്ഷപ്പെടുക എന്നതാണ് അക്കാലത്തെ കുടകളുടെ ഉപയോഗം. കുറച്ചുകാലംകൂടി കഴിഞ്ഞപ്പോൾ രാജകുടുംബത്തിന്റെ ചിഹ്നമായി ഈ കുടയും മാറി. അക്കാലത്ത് അസീറിയയിൽ രാജാവിനു മാത്രമാണ് കുട ഉപയോഗിക്കാനുള്ള അവകാശമുണ്ടായിരുന്നത്.



# മെസോപ്പോട്ടോമിയൻ സംസ്കാരം

**സം**സ്കാരത്തിന്റെ കളിത്തൊട്ടിൽ എന്നറിയപ്പെടുന്ന മെസോപ്പൊട്ടോമിയ പശ്ചിമേഷ്യയിൽ യൂഫ്രട്ടീസ് നദിക്കും ടൈഗ്രീസ് നദിക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. നദികൾക്കിടയിലെ നാട് എന്നാണ് അർഥം. സുമേറിയക്കാർ, അക്കാഡിയർ, അസീറിയക്കാർ, ബാബിലോണിയക്കാർ എന്നിവരാണ് മെസോപ്പൊട്ടോമിയയിൽ ആധിപത്യം പുലർത്തിയിരുന്ന വിഭാഗങ്ങൾ. മെസോപ്പൊട്ടോമിയയുടെ ഉത്തരഭാഗം അസീറിയ എന്നും ദക്ഷിണഭാഗം ബാബിലോണിയ എന്നും അറിയപ്പെട്ടു. ബി.സി.10,000 – 500 കാലഘട്ടത്തിലാണ് മെസോപ്പൊട്ടോമിയൻ സംസ്കാരം നിലനിന്നത്.



ലോകത്തിലെ ആദ്യ നഗരമായ ഉർ മെസോപ്പൊട്ടോമിയയിലായിരുന്നു. ഉർ നഗരത്തിലെ ക്ഷേത്രസമുച്ചയം 'സിഗുററ്റ്' എന്നറിയപ്പെടുന്നു. മെസോപ്പൊട്ടോമിയക്കാരുടെ പ്രധാന രാജാവായിരുന്നു ഹമ്മൂറബി (1792 –1750 ബി.സി).

ആദി ബാബിലോണിയൻ സാമ്രാജ്യ സ്ഥാപകനാണ് ഹമ്മുറബി. മെസോപ്പൊട്ടോമിയക്കാരാണ് ജ്യാമിതിയുടെ ഒരു സമ്പ്രദായം കണ്ടുപിടിച്ചത്. ഇതാണ് പിന്നീട് പൈത്തഗോറസ് സിദ്ധാന്തം എന്നറിയപ്പെട്ടത്. ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള കലണ്ടറായ 'ചന്ദ്രപഞ്ചാംഗ'വും ഇവരുടെ മറ്റൊരു സംഭാവനയാണ്. ലോകത്തിൽ ആദ്യമായി മുദ്ര ഉപയോഗിച്ചതും കത്തിടപാടു നടത്തിയതും മെസോപ്പൊട്ടോമിയക്കാരാണ്. ബാബിലോണിയയിലെ തൂങ്ങികിടക്കുന്ന ഉദ്യാനങ്ങൾ നിർമിച്ചത് നെബൂക്കദ്നെസർ എന്ന കാൽഡിയൻ ഭരണാധികാരിയാണ്. ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണിത്.

## ഇത് ആൺകുടയാ!

യൂറോപ്പിൽ സ്ത്രീകൾ മാത്രമാണ് കുടകൾ ഉപയോഗിച്ചത്. പുരുഷന്മാർ കുട ഉപയോഗിക്കാൻ തുടങ്ങിയതിനു പിന്നിൽ ഇംഗ്ലണ്ടിലെ ജോനാസ്ഹാൻവേ എന്ന ഡോക്ടർക്ക് വലിയ പങ്കുണ്ട്. ഡോക്ടർ എന്നും പുറത്തിറങ്ങുമ്പോൾ കൈയിൽ ഒരു കുടയുണ്ടാകും. ആളുകൾ കളിയാക്കിയെങ്കിലും അദ്ദേഹം കുലുങ്ങിയില്ല. പതുക്കെപ്പതുക്കെ 'ഡോക്ടർ കുടയെടുക്കുന്നുണ്ടല്ലോ. പിന്നെ ഞങ്ങൾക്കെന്താ' എന്നു തോന്നിയ പുരുഷന്മാരും കുട ചൂടിത്തുടങ്ങി.

# ഒരുനാളും കൈവിടാത്ത ദൈവം



## ജീവവചനം

തുടർച്ച 7

ടി.എം. വർഗ്ഗീസ് ഓതറ



യാക്കോബ് ഫറവോനെ വീണ്ടും വീണ്ടും അനുഗ്രഹിച്ചതായി കാണുന്നുവല്ലോ. പരദേശികളായ നാം അനുഗ്രഹം അനുഭവിക്കേണ്ടതിനായി വിളിക്കപ്പെട്ടവരാണ് (1 പത്രൊ.3:9). നമുക്ക് ദേശത്തിന്റെ നന്മകളും, അനുഗ്രഹങ്ങളും അനുഭവിക്കണമെങ്കിൽ ദേശത്തിനുവേണ്ടിയും അധികാരികൾക്കു വേണ്ടിയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും കഴിക്കേണമെന്നും, അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു (1 തിമൊ.2:1–3).

യാക്കോബ് മിസ്രയീം ദേശത്തു വന്നിട്ടു പതിനേഴു വർഷം കൂടി ജീവിച്ചിരുന്നു (ഉല്പ.47:28). താൻ മരിക്കുന്നതിനു മുമ്പേ തന്റെ മക്കളെയും കൊച്ചുമക്കളെയും അനുഗ്രഹിച്ച് ഓരോരുത്തനു അവനവന്റെ അനുഗ്രഹം കൊടുത്തു (ഉല്പ.49:28). യാക്കോബ് യോസേഫിനോട്: ഇതാ ഞാൻ മരിക്കുന്നു, ദൈവം നിങ്ങളോടുകൂടെ ഇരുന്ന് (നിങ്ങളെ കൈവിടാതെ) നിങ്ങളുടെ പിതാക്കന്മാരുടെ ദേശത്തേക്കു മടക്കി കൊണ്ടുപോകും എന്നുള്ള ഭാവികാര്യം ഓർമ്മിപ്പിച്ചു (ഉല്പ.48:21).

യാക്കോബ് പ്രാണനെ വിട്ടു തന്റെ ജനത്തോടു ചേർന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മിസ്രയീമിന്റെ അധിപതിയായ ഫറവോൻ മരിക്കുമ്പോൾ ലഭിക്കുന്നതിനെക്കാൾ സമ്പന്നമായ ഒരു അടക്കമാണ് യാക്കോബിനു ലഭിച്ചതെന്നു കാണുവാൻ കഴിയും. നിങ്ങൾ എന്റെ നരയെ ദുഃഖത്തോടെ പതാളത്തിലേക്കു ഇറങ്ങുമാറാക്കും (ഉല്പ. 37:35, 42:38) എന്നു പറഞ്ഞ യാക്കോബിന്റെ അന്ത്യം എത്ര അനുഗ്രഹീതമെന്നു കാണുക. വാഗ്ദത്തം ചെയ്ത ദൈവം വിശ്വസ്ഥൻ തന്നെ. അതേ, നമ്മുടെ ദൈവം പരദേശികളെ പരിപാലിക്കുന്ന ദൈവമാണ്.

### നാം ഏവരും ഈ ഭൂമിയിൽ പരദേശികൾ ആകുന്നു.

നാം അധിവസിക്കുന്ന ഈ ഭൂമിയെ ദൈവം സൃഷ്ടിച്ചു എന്ന് വിശുദ്ധ ബൈബിൾ പറയുന്നു (ഉല്പ.1:1). ആകയാൽ ഈ ഭൂമിയുടെ ഉടമസ്ഥൻ ദൈവം ആണ്. യഹോവയായ ദൈവം തന്റെ ജനത്തോടു അരുളിച്ചെയ്തത്: ദേശം എനിക്കുള്ളതാകുന്നു; നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാർക്കുന്നവരും അത്രേ എന്നാണ് (ലേവ്യ 25:23).

"ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവക്കുള്ളതാകുന്നു" (സങ്കീ.24).

ദൈവം സൃഷ്ടിച്ച ഈ ഭൂമിയെ ആദ്യമനുഷ്യരായ ആദം-ഹവ്വന്മാരെ ഏല്പിച്ചിട്ടു അരുളിച്ചെയ്തത്:നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുവിൻ എന്നാണ്. മനുഷ്യർ ഭൂമിയിൽ വർദ്ധിച്ചു പെരുകി. എന്നാൽ മനുഷ്യർ ദൈവവഴിയിൽ നടക്കാതെ തങ്ങളുടെ വഴികളിൽ നടന്ന് ദുഷ്ടത പ്രവർത്തിച്ച് ദൈവത്തെ ദുഃഖിപ്പിച്ചതിനാൽ ആ തലമുറയെ പ്രളയത്താൽ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. ആ തലമുറയിൽ കൃപ ലഭിച്ച നോഹയും കുടുംബവും പെട്ടകത്തിൽ കയറി രക്ഷ പ്രാപിച്ചു (1 പത്രോ.3:20). ദൈവം നോഹയേയും കുടുംബത്തേയും പെട്ടകത്തിൽ നിന്നു പുറത്തുകൊണ്ടുവന്നശേഷം ഭൂമിയെ അവർക്കു കൈമാറിയിട്ടു അവരോട് അരുളിച്ചെയ്തത്: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ എന്നാണ് (ഉല്പ.9:1).

ദൈവം നോഹയേയും കുടുംബത്തേയും അനുഗ്രഹിച്ചപ്രകാരം ജനം ഭൂമിയിൽ വർദ്ധിച്ചു പെരുകിക്കൊണ്ടിരിക്കുന്നു. വിശാലമായി കിടക്കുന്ന ഭൂമിയിൽ നോഹയുടെ മക്കൾ കുടുംബം കുടുംബമായും കൂട്ടമായും പാർത്തുകൊണ്ട് വർദ്ധിച്ചു പെരുകി. ഇന്നു ഭൂതലത്തിൽ പാർക്കുന്ന സർവ്വജനവും നോഹയുടെ കുടുംബത്തിലെ സന്താനപരമ്പരയാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ?

മിസ്രയീമിൽ വന്നവരായ യാക്കോബിന്റെ കുടുംബം ആകെ എഴുപതു പേർ (ഉല്പ.46:27; പുറ.1:5; ആവ.10:22). ഇവർ അത്യന്തം വർദ്ധിച്ചു പെരുകി ദേശം അവരെക്കൊണ്ടു നിറഞ്ഞു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (പുറ.1:7). നീണ്ട നാനൂറു വർഷക്കാലം മിസ്രയീമിൽ പാർത്ത ജനത്തോടു ദൈവം പറയുന്നത്: നിങ്ങൾ മിസ്രയീം ദേശത്തു പരദേശികൾ ആയിരുന്നുവല്ലോ എന്നാണ് (പുറ.22:21; ആവ.10:19).

നാല്പതു വർഷക്കാലം യിസ്രായേലിനെ ഭരിച്ച യിസ്രായേല്യനായ ദാവീദ് രാജാവു പറയുന്നു: ഞങ്ങൾ നിന്റെ മുമ്പാകെ ഞങ്ങളുടെ സകല പിതാക്കന്മാരെയുംപോലെ അതിഥികളും പരദേശികളും ആകുന്നു (1 ദിന.29:15). അപ്പൊസ്തോലനായ പത്രോസ് പറയുന്നു, നാം പ്രവാസികളും പരദേശികളും ആകുന്നു (1 പത്രോ.2:11).

മുകളിൽ പ്രസ്താവിച്ച പ്രകാരം നാം പാർക്കുന്ന ഈ ഭൂമി ദൈവത്തിന്റെ വകയാണ്. നാം ഏവരും ഈ ഭൂമിയിൽ അന്യരും പരദേശികളും ആണ്. ഈ ഭൂമി മനുഷ്യന്റെ നിത്യപാർപ്പിടം അല്ല. ഒരു അതിഥിയെപ്പോലെ താൽക്കാലികമായി പാർക്കുവാനുള്ള ഒരു കൂടാരം മാത്രമാണ് ഈ ലോകം. മനുഷ്യന്റെ മരണാനന്തരം അവൻ തന്റെ നിത്യ പാർപ്പിടത്തിലേക്കു പോകുന്നു. ആ നിത്യപാർപ്പിടം തിരഞ്ഞെടുക്കുവാനുള്ള അവസരം മനുഷ്യൻ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ മാത്രമാകുന്നു. മരണാനന്തരമുള്ള നിത്യപാർപ്പിടത്തെപ്പറ്റി കർത്താവായ യേശു വ്യക്തമായി വെളിപ്പെടുത്തി തന്നിരിക്കുന്ന ഒരു സംഭവമാണ് ലൂക്കോസ് 16-ൽ പറഞ്ഞിരിക്കുന്ന ധനവാനായ മനുഷ്യനും ലാസറും മരിച്ചശേഷം അവർ എത്തിച്ചേർന്ന നിത്യവാസസ്ഥലങ്ങൾ. നാം ഏവരും മരണം വഴിയായി ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടും. എന്നാൽ മരണാനന്തരം ധനവാൻ എത്തിച്ചേർന്ന യാതനാ സ്ഥലമോ അതോ ലാസർ ചെന്നുചേർന്ന പറുദീസയോ ഏതുവേണമെന്ന് അവരവർ തിരഞ്ഞെടുക്കേണ്ടതാണ്.

പൂർവ്വപിതാക്കന്മാരായ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരും ഇയ്യോബ്, ദാവീദ് എന്നീ ദൈവഭക്തന്മാരും, കർത്താവിന്റെ അപ്പൊസ്തോലന്മാരും, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട സകല വിശുദ്ധന്മാരുമായ സാക്ഷികളുടെ ഒരു വലിയ സമൂഹം പറയുന്നത്: തങ്ങൾ ഈ ഭൂമിയിൽ അന്യരും പരദേശികളും ആകുന്നു എന്നാണ് (എബ്രാ.11:13; 1 പത്രോ.2:11).

വിശുദ്ധന്മാർ സ്വർഗ്ഗീയ പൗരന്മാർ ആയതുകൊണ്ടാണ് തങ്ങൾ ഈ ലോകത്തിൽ അന്യരും പരദേശികളും ആകുന്നു എന്ന് പറഞ്ഞിരിക്കുന്നത്. വിശുദ്ധ പൗലോസ് അതു വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു: 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു (ഫിലി.3:20; എഫെ.2:19). സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരായവർക്കു മാത്രമേ പറയുവാൻ കഴിയുകയുള്ളു, തങ്ങൾ ഈ ലോകത്തിൽ അന്യരും പരദേശികളും ആകുന്നു എന്ന്. ഒരു വ്യക്തി ഏതൊരു രാജ്യത്തിൽ ജനിച്ചുവോ അയാൾ ആ രാജ്യത്തിന്റെ പൗരനാണെന്ന് എല്ലാവരും അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ്. എന്നാൽ അറബിരാജ്യങ്ങളും മറ്റു പല രാജ്യക്കാരും അവിടെ ജനിക്കുന്ന അന്യരാജ്യക്കാർക്ക് പൗരത്വം നിഷേധിക്കുന്നു. എന്നാൽ സ്വർഗ്ഗീയ പൗരത്വം ഒരു മനുഷ്യനും നിഷേധിക്കപ്പെടുന്നില്ല. സ്വർഗ്ഗീയ പൗരത്വത്തിന് ജാതി, മതം, വർണ്ണം, ഭാഷ ഇതൊന്നും ബാധകമല്ല. സ്വർഗ്ഗീയ പൗരത്വത്തിനു മാസങ്ങളോ വർഷങ്ങളോ കാത്തിരിക്കേണ്ട ആവശ്യമില്ല. സ്വർഗ്ഗീയ പൗരത്വത്തിനായി യാതൊരു ചെലവും ചെയ്യേണ്ടതില്ല. കർത്താവായ യേശുവിൽ വിശ്വസിച്ച് മാനസാന്തരപ്പെട്ട് വീണ്ടും ജനിക്കുന്ന മാത്രയിൽ സ്വർഗ്ഗീയ പൗരനായിത്തീരുകയാണ്. വീണ്ടും ജനിക്കാത്ത ആർക്കും സ്വർഗ്ഗീയ പൗരനായിത്തീരുവാനോ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനോ കഴികയില്ല എന്ന് തിരുവചനം വ്യക്തമാക്കുന്നു (യോഹ.3:1–7).

ഈ ഭൂമിയും അതിലുള്ള സകല പണികളും തീയ്ക്കിരയായി വെന്തുപോകുമെന്ന് വി. ബൈബിളിൽ പറഞ്ഞിരിക്കുന്നു (2 പത്രോ.3:7,10). ആകയാൽ സ്വർഗ്ഗീയ പൗരന്മാരായി കർത്താവായ യേശുവിനോടുകൂടെ നിത്യമായി വാഴുവാൻ ഒരുങ്ങാം. ദൈവം അതിനായി ഏവരെയും സഹായിക്കട്ടെ.

## പഠിക്കാതെ പ്രസംഗിക്കരുത്

അറിയപ്പെടുന്ന ഒരു സഭാനേതാവ് വിശുദ്ധിയെപ്പറ്റി പ്രസംഗിക്കുകയാണ്. "യേശുക്രിസ്തുവിനുപോലും വിശുദ്ധിയുടെ പൂർണ്ണതയിലെത്താനായില്ല". നിർലജ്ജം തട്ടിവിട്ട ഈ പ്രസ്താവന കേട്ട് പലരും അമ്പരന്നു. "വേദത്തെളിവുകൾ എടുത്തു വായിക്കുക"-എന്നായി പ്രഭാഷകൻ. റോമർ 15:3-നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു എന്നെഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല. 'പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായ ക്രിസ്തു തന്റെ ദൈവിക ദൃഷ്ടികളാൽ തന്നിലെ മനുഷ്യനെ നോക്കിയപ്പോൾ തന്നെക്കുറിച്ചു തന്നെ മതിപ്പും പ്രസാദവും തോന്നത്തക്ക വിശുദ്ധി തന്നിൽ കണ്ടില്ല'-എന്നായി വ്യാഖ്യാനം.

ഇതു കേട്ടിട്ട് ഒരു പുതിയ വെളിപ്പാടു കിട്ടിയതുപോലെ പലമുഖങ്ങളും വികസിച്ചു. പക്ഷേ, ഒരു ന്യൂനപക്ഷത്തിന്റെയെങ്കിലും അമ്പരപ്പു വർദ്ധിച്ചു. പ്രസംഗകൻ പൂർവ്വാധികം ഉത്സാഹത്തോടെ തുടർന്നു, ഇനിയുമുണ്ടു തെളിവ് - യോഹന്നാൻ 17-ന്റെ 19 വായിക്കാം. 'അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. "നോക്കുക, വിശുദ്ധി തികഞ്ഞവനാണെങ്കിൽ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നതെങ്ങനെ?" **(ഹാ! കഷ്ടം! ഇതാണ് ആത്മീയ സത്യങ്ങളെ പൊതുലോകത്തിന്റെ വീക്ഷണത്തിൽ വ്യാഖ്യാനിക്കുന്നതിന്റെ അപകടം!)**

പൊതുലോകത്തെ സംബന്ധിച്ചിടത്തോളം വിശുദ്ധി എന്നാൽ അസാന്മാർഗ്ഗികവും അശുദ്ധവുമായതെല്ലാം മാറ്റി സർവ്വധാർമ്മിക മൂല്യങ്ങളും തികെഞ്ഞിരിക്കുന്ന അവസ്ഥ എന്നാണർത്ഥം. എന്നാൽ തിരുവചനത്തിൽ കാണുന്ന ശുദ്ധി വേറെ, വിശുദ്ധി വേറെ, പരിശുദ്ധി വേറെ (ഹഗ്നോസ്, ഹാഗിയോസ്, ഹൊസ്സിയോസ്) ശുദ്ധിയിൽ മികച്ചിരിക്കുന്ന അവസ്ഥ എന്നല്ല വിശുദ്ധി എന്ന പദംകൊണ്ടു തിരുവെഴുത്ത് അർത്ഥമാക്കുന്നത്. 'ഹാഗിയോസ്' (hagios) എന്ന ഗ്രീക്കുപദമാണു മൂലം. ഒരു പ്രത്യേക കാര്യത്തിനായി മാത്രം മാറ്റി വയ്ക്കപ്പെട്ടത് എന്നാണർത്ഥം (കൊലൊ.3:17). ജീവിതം സമ്പൂർണ്ണമായി ദൈവനാമ മഹത്വത്തിനായി സമർപ്പിക്കപ്പെട്ട അവസ്ഥയാണ് വിശുദ്ധി.

ഈ അർത്ഥത്തിലാണ് യേശുക്രിസ്തുവിന്റെ വാക്കുകളെ മനസ്സിലാക്കേണ്ടത് - "... ഞാൻ ഇവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു". മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് എന്ന ഏകദൗത്യത്തിനായി അവിടുന്നു വന്നിരിക്കുന്നു എന്നർത്ഥം. "....എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എന്റെ ആഹാരം" (യോഹ.4:34).

"ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" (വെളി.13:8) എന്ന പ്രയോഗത്തിലും ഈ ആശയം ഉൾക്കൊള്ളുന്നു. ക്രിസ്തു തന്നിൽതന്നെ പ്രസാദിച്ചില്ല (റോമ.15:3) എന്ന വാക്യത്തിന്റെ അർത്ഥം ഗ്രഹിക്കാൻ മുൻ വാക്യങ്ങൾ വായിച്ചാൽ മതി. അശക്തരുടെ ബലഹീനതകൾ ചുമക്കുന്ന ശക്തർ തങ്ങൾ എന്തോ വൻകാര്യം ചെയ്യുന്നു എന്ന ഭാവത്തോടെ തങ്ങളിൽ തന്നെ പ്രസാദിക്കരുത് എന്നാണ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്. സകല നിന്ദയും വഹിച്ചപ്പോഴും താൻ ഏതോ വൻകാര്യം ചെയ്യുന്നു എന്ന ഭാവമോ ആത്മപ്രശംസയോ കർത്താവിലുണ്ടായില്ല. അതുപോലെ നാമും ആയിരിക്കണം.


"കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയുമിരിക്കും? നീയല്ലോ ഏകപരിശുദ്ധൻ" (വെളി.15:4). "യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല" (1 ശമു.2:2). ദൈവം മാത്രമേ പരിശുദ്ധനായിട്ടുള്ളു. വിശുദ്ധിയുടെ അത്യുച്ചകോടിയിലെത്തുന്ന അവസ്ഥയല്ലിത്. മനുഷ്യന് അപ്രാപ്യമായ ദൈവിക ഗുണവിശേഷമാണ് 'ഹൊസ്സിയോസ്' (hosios) അഥവാ പരിശുദ്ധി.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# പരദേശികളുടെ പിതൃദേശം

## ആധികാരിക ദൈവവചനപഠനം




**അവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അത് കണ്ട് അതിശയിച്ചും, ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞുകൊണ്ട് വിശ്വാസത്തിൽ മരിച്ചു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിച്ചിരുന്നു എന്ന് കാണിക്കുന്നു. അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങി പോകുവാൻ ഇടയുണ്ടായിരുന്നുവല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗീയമായതിനെ തന്നെ കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.**
എബ്രായർ 11:13-16

വിശ്വാസത്തിൽ നടക്കുന്നവരുടെ ജീവിതശൈലിയും സമർപ്പണവുമാണ് ഈ വേദഭാഗത്ത് വ്യക്തമാക്കിയിരിക്കുന്നത്. അവർ ജീവിതാവസാനംവരെ സ്വർഗീയമായതിനെ കാംക്ഷിച്ചുകൊണ്ട് വിശ്വാസത്തിൽ നിലനിന്നു.

വാക്യം 13. വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ വിശ്വാസത്തിൽ മരിച്ചവരെ ആണ് ഈ സന്ദർഭത്തിൽ പറയുന്നത്. അവർ "വിശ്വാസത്തിൽ (കേറ്റാ) "ജീവിച്ചു" മരിച്ചതായിട്ടാണ് ഈ വാക്യത്തിൽ പറയുന്നത്. "വിശ്വാസത്താൽ" എന്ന് പറയുന്നതിൽനിന്നു വ്യത്യാസമുള്ള പ്രയോഗമാണ് ഇത്. അവർ ദൈവത്തിന്റെ വാഗ്ദത്തം പ്രാപിച്ചില്ല, എന്നാൽ അവർ "വിശ്വാസത്താലാണ് ജീവിച്ചത്", മരിച്ചപ്പോൾ "വിശ്വാസത്തിൽ ആണ് മരിച്ചത്."

വാക്യം 4 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ഭക്തരായ വ്യക്തികളെ ചേർത്തിരിക്കുന്നത്-ദൈവത്തിന്റെ (വാഗ്ദത്തങ്ങളെ) ദൂരത്തുനിന്ന് കണ്ട് അഭിവന്ദിച്ചവരോടൊപ്പമാണ്-അവർ തങ്ങളുടെ വിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചിരുന്നു. അത് ഭൗതികമായ കാഴ്ച്ചയാലായിരുന്നില്ല; മറിച്ച്, സ്വർഗം അവർക്ക് യാഥാർത്ഥ്യമാകുന്ന വിധത്തിൽ അവരുടെ വിശ്വാസം ശക്തമായിരുന്നു എന്നാണ് ആ പ്രസ്താവന തെളിയിക്കുന്നത്. യോഹന്നാൻ 8:56-ൽ യേശു പറഞ്ഞത് ചിന്തിക്കുക: "നിങ്ങളുടെ പിതാവ് അബ്രഹാം എന്റെ ദിവസം കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു" ഓ, നമുക്കും അത്തരം വിശ്വാസം ഉണ്ടായിരുന്നു എങ്കിൽ!

ഇവർ എന്നു പറഞ്ഞിരിക്കുന്നത്, അബ്രഹാം, യിസഹാക്ക്, യാക്കോബ്, നോഹ, ഹാബേൽ എന്നിവരെ ഉൾപ്പെടുത്തിയാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവരുടെ കാലയളവിൽ നിവർത്തിയായില്ല, എങ്കിലും അവർ ഓരോരുത്തരും വിശ്വാസത്തിൽ മരിച്ചു. വിശ്വാസത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നത് ഒരാളുടെ ജീവിതത്തിലെ ഏറ്റവും ഭാഗ്യകരമായ അവസ്ഥയാണ്.

വിശ്വാസത്താൽ അവർ ദൂരത്തുനിന്നു ദൈവത്തിന്റെ വാഗ്ദത്തങ്ങളെ കണ്ടു. "പിതാക്കന്മാർ മറുകര കടക്കുവാൻ മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞതും ദൂരത്തുനിന്നും ദൈവത്തിന്റെ വാഗ്ദാനങ്ങൾ നോക്കി കണ്ടതും'', എന്നാൽ അവിടെ എത്തുവാൻ കഴിയാതെ ദൂരെ പാളയം അടിച്ചു കിടന്നതുമായ ഒരു ആശയം ഇവിടെ നമുക്ക് കാണുവാൻ കഴിയും. ''തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളും'' ആണെന്ന് അബ്രഹാമും യാക്കോബും പറഞ്ഞിരുന്നു (ഉല്പ.23:4, 47:9). അങ്ങനെ പറയുന്നവർ വ്യക്തമാക്കുന്ന കാര്യം ലോകം തങ്ങളുടെ ഭവനം അല്ല എന്നാണ്. തങ്ങൾക്ക് ഒരു നിത്യഭവനം ഉണ്ട് എന്നു അവർ പറയുക മാത്രമല്ല ഉറച്ചു വിശ്വസിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്തു.



ദൈവം നൽകിയ വാഗ്ദാനങ്ങളിൽ, മക്കൾ, ദേശം എന്നീ താൽക്കാലികമായ അനുഗ്രഹങ്ങൾക്കപ്പുറം, അവൻ അവരുടെ ദൈവമായിരിക്കും എന്നതിനായിരുന്നു അവർ പ്രാധാന്യം നൽകിയത്. അതിനു പുറമെ ആത്മിയമായ അനുഗ്രഹങ്ങളും വാഗ്ദാനം ചെയ്തിരുന്നു. അബ്രഹാമിന്റെ സന്തതി മുഖാന്തരം സകല ജാതികളും അനുഗ്രഹിക്കപ്പെടും (ഉല്പ.12:3, 22:18). ഗലാത്യർ 3:16 പറയുന്നത് "സന്തതി" ക്രിസ്തു ആണ് എന്നാണ്. അതുകൊണ്ട് അബ്രഹാം രണ്ട് കുടുംബങ്ങളുടെ പിതാവായി തീർന്നു. ഒന്ന് ജഡികമായതും, മറ്റൊന്ന് വിശ്വാസത്തിന്റേയും. ക്രിസ്തുവിൽ ആകുന്ന ഓരോ ദൈവപൈതലും, വിശ്വാസത്തിൽ അബ്രഹാമിന്റെ സന്തതിയാണ് (ഗലാ.3:26-29).



അബ്രഹാമിന്റെ വിശ്വാസത്തെ അഭിനന്ദിച്ച് യേശു പറഞ്ഞത് അവൻ തന്റെ ദിവസം കാണുവാൻ ആഗ്രഹിക്കുകയും കണ്ട് ഉല്ലസിക്കുകയും ചെയ്തു എന്നാണ് (യോഹ.8:56-58). അബ്രഹാമിന്റെ ലോകത്തോടുള്ള മനോഭാവം നമുക്ക് ഉണ്ടെങ്കിൽ, അതിന്റെ ആകർഷണവലയത്തിൽ നാം കുടുങ്ങുകയില്ല.

തങ്ങൾ ഭൂമിയിൽ അന്യരും പരദേശികളുമാണെന്നാണ് അബ്രഹാമും മറ്റുള്ളവരും പറഞ്ഞത്. അബ്രഹാം ഈ സമ്മതം നടത്തിയത് തന്റെ ജീവിതാവസാനമാണ് (ഉല്പ.23:4). ഉല്പത്തി 47:9ൽ യാക്കോബ് ഫറവോനോട് ഇതേ വാക്കുകൾ പറഞ്ഞിരുന്നു. പിതാക്കന്മാരുടെ കാലത്ത് അവരുടെ ദൈനംദിന സംഭാഷണത്തിൽ പോലും ഈ വിശ്വാസ വിഷയം ഉൾപ്പെട്ടിരുന്നുവെന്ന് അവരുടെ ഒരേ ഭാഷ വ്യക്തമാക്കുന്നു.

രാജാവായിരുന്ന അബീമെലേക്കുമായി നല്ല ബന്ധത്തിലായിരുന്നു എങ്കിലും, ഭൂമിയിൽ അബ്രഹാമിന് ജീവിതം ഒരു പരദേശവാസം തന്നെയായിരുന്നു (ഉല്പ. 20,21). സ്വർഗത്തിലെ ദൈവത്തിന്റെ അടുക്കൽ പോകുവാൻ അവനെ തൽപരനാക്കിയത് അവന്റെ വിശ്വാസം ആയിരുന്നു.

വാക്യങ്ങൾ 14-16. പിതാക്കന്മാർ ഒരു ദേശം (പാട്രിസ്) അല്ലെങ്കിൽ തങ്ങളുടേതായ ഒരു "പിതൃദേശം" അന്വേഷിച്ചു. അവർ എല്ലായിടവും സഞ്ചരിച്ചു എങ്കിലും വിശേഷതയേറിയ ദേശമാണ് ആഗ്രഹിച്ചത്, അവർ ആഗ്രഹിച്ചതും പ്രതീക്ഷിച്ചതും സ്വർഗീയ ദേശമായിരുന്നു (വാ.14). ഊർ വിട്ടുപോന്നതിനാൽ, അവർക്ക് ഭൂമിയിൽ ഒരു മാതൃദേശം ഇല്ലായിരുന്നു. അവർ തങ്ങളുടെ മനസിൽ നിത്യത എപ്പോഴും സൂക്ഷിച്ചിരുന്നു.

ആത്മീയ കാര്യങ്ങൾക്ക് പ്രഥമസ്ഥാനം കൊടുത്തതുകൊണ്ടും, ദൈവത്തെ അവരുടെ ദൈവം എന്നു വിളിക്കുവാൻ ലജ്ജിക്കാതിരുന്നതിനാലും, പിതാക്കന്മാരൊടൊപ്പം ദൈവം എപ്പോഴും ഉണ്ടായിരുന്നു (വാ.16; പുറ.3:6 നോക്കുക). പിതാക്കന്മാരെ പോലെ നൂറ്റാണ്ടുകൾക്ക് ശേഷം യേശുവിന്റെ ശിഷ്യന്മാരും സ്വർഗീയ നിക്ഷേപങ്ങൾക്കായി എല്ലാ നഷ്ടങ്ങളും സഹിക്കുവാൻ തയ്യാറായി (ഫിലി.3:8 നോക്കുക). അവരുടെ രക്ഷയ്ക്കായി യേശു എങ്ങനെ തികഞ്ഞ ഒരു യാഗമായി തീരുമെന്ന് അവർക്ക് അറിയില്ലായിരുന്നു, എന്നാൽ അവർ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചിരുന്നു.

ഈ ഭൂമിയിലായിരുന്നപ്പോൾ "കൈകൊണ്ടല്ലാതെ പണിയുന്ന ഒരു കെട്ടിടം അവർക്കു ലഭിക്കുമെന്ന് അവർ വിശ്വസിച്ചു" (2 കൊരി.5:1). അതിനായി അവർ ദൈവത്തിന്റെ വിളി കേട്ട് ശ്രദ്ധയോടെ അവനെ പിൻപറ്റി, വിട്ടുപോന്ന ദേശത്തെ കുറിച്ച് അധികമൊന്നും ചിന്തിച്ചില്ല (വാ.15). അതുകൊണ്ടുതന്നെ ദൈവമക്കൾ ഭൗതികമായവയിൽ ശ്രദ്ധിക്കാതെ സ്വർഗീയമായവയിൽ തന്നെ ശ്രദ്ധിക്കേണ്ടവരാണ്!

പിതാക്കന്മാർ കൈവശമാക്കിയ സ്വർഗീയ ദേശത്തെ കുറിച്ചുള്ള സംസാരം വാക്യം 16-ൽ അവസാനിപ്പിക്കുകയാണ്. ഊരോ കനാനോ തങ്ങളുടെ ദേശമായി അവർ കണക്കാക്കിയില്ല. സ്വർഗീയ ദേശത്തെകുറിച്ചുള്ള പ്രത്യാശയായിരുന്നു അവരുടെ ലക്ഷ്യവും സന്തോഷവും. ഈ ജീവിതത്തിലല്ല തങ്ങൾ പ്രത്യാശ വെച്ചിരിക്കുന്ന നഗരം ലഭിക്കുന്നത് എന്ന് അവർ തിരിച്ചറിഞ്ഞു. ക്ഷണികമായ "ഭൗമിക ജീവിതത്തേക്കാൾ അവരെ സ്ഥിരോൽസാഹമുള്ളവരാക്കിയത് നിത്യമായ ആ സ്വർഗീയ പ്രത്യാശയായിരുന്നു എന്നാണ് ലേഖകൻ ഉറപ്പിച്ചു പറഞ്ഞത്."

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# സ്നാനം

**ഫാ. തോമസ് പുതുശേരി എന്ന കത്തോലിക്ക പുരോഹി തന്റെ ഈ ലേഖനം ശാന്തമായി ശ്രദ്ധയോടെ വായിക്കുക.**

**സ്നാനം** മനസ്സിന് കുളിർമ പകരുന്ന കർമ്മമാണ്, മനുഷ്യന്റെ ദൈവസങ്കല്പങ്ങളെ ഉദ്ദീപിപ്പിക്കാൻ സ്നാനത്തിനു കഴിവുണ്ട്. ദൈവത്തെ പ്രാപിക്കുവാൻ ആന്തരിക വിശുദ്ധിക്കൊപ്പം ബാഹ്യവിശുദ്ധിയും കൂടി വേണം എന്ന ചിന്തയാവണം അവനെ പ്രേരിപ്പിക്കുന്നത്. ദൈവചൈതന്യം ഉള്ളിൽ പേറുവാനുള്ള മനുഷ്യന്റെ കൊതി അവനെ വചനം കാട്ടിക്കൊടുക്കുന്ന വഴിയിലൂടെ ശുദ്ധിയോടെ നടക്കുവാൻ ഉത്തേജിപ്പിക്കുന്നു. ക്രിസ്തുവിൽ പുതുജീവൻ പകരുന്നതിനൊപ്പം അവനിൽ ഏക ശരീരമായിത്തീരുന്നതിനും ഈ സ്നാനം ആവശ്യമാണ്. സെന്റ് പോൾ തന്റെ കൊരിന്ത്യർക്കുള്ള ലേഖനത്തിൽ പറയുന്നു, നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമായിത്തീരുവാൻ സ്നാനമേറ്റു. അപ്പോൾ സ്നാനം ഐക്യത്തിന്റെ പ്രതീകമാണ്. ക്രൈസ്തവീകതയുടെ അടയാളമാണ്. ഒരു മായാത്ത മുദ്രപോലെ ക്രിസ്തുവിന്റെ കുരിശിന്റെ അടയാളം നമ്മിലത് പതിപ്പിക്കുന്നു. അതാണ് ക്രിസ്ത്യാനിയെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്നതും. പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പ് ക്രിസ്തുവും യോഹന്നാനു മുന്നിൽ തലകുനിച്ചു. ഈ സുവിശേഷഭാഗം ഓരോ തവണയും വായിക്കുമ്പോഴും നമ്മുടെ ഉള്ളിൽ ഒരു ചോദ്യം ഉയർന്നുവരാം. ദൈവപുത്രനായിട്ടും എന്തുകൊണ്ട് ക്രിസ്തു സ്നാനം സ്വീകരിച്ചു? അതിനുത്തരം ഇതാണ്, "ക്രിസ്തുവും മനുഷ്യകുലവും തമ്മിലൊന്നാകുവാൻ ഈ സ്നാനം ആവശ്യമായിരുന്നു" അപ്പോൾ ഈ വിശുദ്ധകുളി ഒരുമയുടെ വാതിൽ തുറക്കുന്ന ദിവ്യാനുഭവമായിത്തീരുന്നു.

സ്നാനത്തെ ഇനി ഇങ്ങനെ വ്യാഖ്യാനിക്കാം. സ്നാനം എന്നാൽ ക്രിസ്തുവിനെ ധരിക്കുക. ഇങ്ങനെ ക്രിസ്തുവിനെ ധരിക്കുവാൻ ആദിമക്രൈസ്തവസമൂഹം കാട്ടിയ തീക്ഷ്ണത നമ്മെ അതിശയിപ്പിക്കും. പ്രാർത്ഥനയും ഉപവാസവുംവഴി അവർ തങ്ങളെത്തന്നെ ഒരുക്കി. സ്നാനം സ്വീകരിക്കുവാനുള്ളവരുടെ ഒപ്പം സമൂഹവും ഇതേ വഴികളിലൂടെ തങ്ങളെത്തന്നെ ശുദ്ധീകരിച്ചു. ആദിമസഭയ്ക്ക് ഒരു കൂട്ടായ്മയുടെ മനോഭാവം ഉണ്ടായിരുന്നു. അതുകൊണ്ടായിരുന്നു ഉള്ളിലുള്ളത് വിളിച്ചു പറയുവാൻ സ്നാനം സമൂഹമധ്യത്തിൽ വച്ച് മാത്രം പരികർമ്മം ചെയ്യപ്പെട്ടിരുന്നത്. തിരുസഭ ഇന്ന് ഈ പാരമ്പര്യം നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ അതിന്റെ അർത്ഥം അവളിൽ നിന്നും പഴയതലമുറയുടെ തീക്ഷ്ണത മറഞ്ഞിട്ടില്ല എന്നതുതന്നെ. ഒരന്ധന്റെ ചരിത്രം യോഹന്നാൻ സുവിശേഷകൻ 9-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പുരട്ടിയശേഷം ക്രിസ്തു അവനോട് പറയുന്നത് സീലോഹായിൽ പോയി കഴുകുക എന്നാണ്. സീലോഹ എന്നാൽ അയയ്ക്കപ്പെട്ടവനെന്നർത്ഥം. അയയ്ക്കപ്പെട്ടവനാൽ കഴുകപ്പെടേണ്ടിയിരിക്കുന്നു. അതായത് നീ ക്രിസ്തുവിനെ സ്വീകരിക്കുക എന്നുൾപ്പൊരുൾ. അപ്പോൾ സ്നാനം ക്രിസ്തുവിനെ ധരിക്കലാകുന്നു.

എന്താണ് ക്രിസ്തുവിനെ ധരിക്കുക എന്നതുകൊണ്ടർത്ഥമാക്കുന്നത്? ഉത്തരം റോമാലേഖനം 13-ാം അധ്യായം വിവരിക്കുന്നുണ്ട്. "നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം.... കർത്താവായ ഈശോമശിഹായെ ധരിക്കുവിൻ, ദുർമോഹങ്ങളിലേക്ക് നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ. ലോകത്തിന് മരിച്ചവനായി ദൈവത്തിന് സാക്ഷ്യം വഹിക്കുവാൻ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ മായാത്ത മുദ്ര പതിപ്പിക്കപ്പെട്ടപ്പോൾ അന്ധന് മുന്നിൽ ലോകം ഒന്നുമല്ലാതായി. അവനും മറ്റൊരു അയയ്ക്കപ്പെട്ടവനായിത്തീർന്നു. അതുകൊണ്ടാണവൻ ഫരിസേയരുടെ മുന്നിൽവച്ച് താൻ സമൂഹത്തിൽനിന്ന് പുറത്താക്കപ്പെടുമെന്ന് ഉറപ്പുണ്ടായിട്ടും ക്രിസ്തുവാണ് തന്നെ സുഖപ്പെടുത്തിയതെന്നും അവനൊരു പ്രവാചകനാണെന്നുമൊക്കെ യാതൊരു കൂസലും കൂടാതെ പ്രഖ്യാപിക്കുന്നത്. ഒരിക്കലൊരു ശിഷ്യൻ തന്റെ ഗുരുവിനോട് ചോദിച്ചു. ഗുരോ അറിവും ബോധോദയവും തമ്മിലുള്ള വ്യത്യാസമെന്താണ്? ഗുരു പറഞ്ഞു: അറിവുണ്ടാകുമ്പോൾ നീ വിളക്കുകൊണ്ട് വഴി കാണിച്ചുകൊടുക്കുന്നു. ബോധോദയം ലഭിക്കുമ്പോൾ നീ തന്നെ വിളക്കായി മാറുന്നു. ക്രിസ്തുവിനെയാണ് നാം ധരിച്ചിരിക്കുന്നതെന്ന അവബോധം നമ്മിൽ വളരട്ടെ. അപ്പോൾ അനേകർക്കു വേണ്ടി പ്രകാശമായി മാറാനും, ഈ ലോകത്തിന് മരിച്ചവരാകാനും നമുക്ക് കഴിയും.

ലോകത്തിന് മരിക്കുക എന്നാൽ ജീവനിലേക്ക് പ്രവേശിക്കുക എന്നാണ്. "നാം അവനോടുകൂടെ മരിച്ചെങ്കിൽ അവനോടുകൂടെ ജീവിക്കും" എന്ന് സെന്റ് പോൾ നമ്മെ ധൈര്യപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിന്റെ മരണത്തോട് ഏകീഭവിച്ച് സ്നാനം മൂലം നം അവനോടൊപ്പം സംസ്ക്കരിക്കപ്പെട്ടു. അവൻ മരിച്ചശേഷം പിതാവിന്റെ മഹത്വത്തിൽ ഉയർത്തെഴുന്നേറ്റതുപോലെ നാമും പുതുജീവിതം നയിക്കേണ്ടതിനാണ് അവനോടൊപ്പം സംസ്ക്കരിക്കപ്പെട്ടത് എന്ന തിരിച്ചറിവ് നമ്മുടെ അകക്കണ്ണുകൾ തുറപ്പിക്കട്ടെ. അപ്പോൾ സ്നാനം നമുക്ക് പുതുജീവൻ നൽകും എന്ന ബോധ്യത്തിൽ നാം എത്തിച്ചേരും. സ്നാനം ആ അർത്ഥത്തിൽ ഒരു തീച്ചൂള ആയിത്തീരും. "അതിനിഗൂഢമായ ഉദ്ദേശത്താൽ ജലത്തിന്റെ ചൂള അവിടുന്നൊരുക്കി. അഗ്നിക്ക് പകരം അവിടുന്നു തന്റെ അരൂപിയാൽ അതിനെ ജ്വലിപ്പിച്ച് തന്റെ സൃഷ്ടിക്ക് രൂപാന്തരം നൽകുവാൻ കഴിവുള്ള ശിൽപ്പിയെ തന്റെ കരവേലകൊണ്ട് അവിടുന്ന് രൂപപ്പെടുത്തി. ജലത്തിന്റേയും അരൂപിയുടെയും താപനത്തിൽ തന്റെ സൃഷ്ടി രൂപാന്തരം പ്രാപിക്കണം എന്നായിരുന്നു അവിടുത്തെ ഉദ്ദേശ്യം." മിശിഹായിലേക്കുള്ള സ്നാനം മനുഷ്യനെ പുതുസൃഷ്ടിയാക്കുന്നു. ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "പാപികളും മർത്യരുമായ മക്കളെ പ്രസവിച്ച ഹവ്വായുടെ ഗർഭപാത്രംപോലെയാകാതെ ആത്മീയവും അമർത്യരുമായ മക്കളെ പുറപ്പെടുവിക്കുന്ന ഗർഭാശയമാകാൻ കഴിയുന്നവിധം ഈ വെള്ളത്തെയും എന്നേയും വിശുദ്ധീകരിക്കണമേ". സ്നാനത്തിലൂടെ വിശുദ്ധമാക്കപ്പെടുന്നു. പുതുജീവൻ പകരുന്നു, പുതുസൃഷ്ടിയാകുന്നു. കണക്കിലെ സമവാക്യംപോലെ. ഇനി ഇങ്ങനെ പറയാം.

**സ്നാനം = ക്രിസ്തുവിനെ ധരിക്കുക**
**ക്രിസ്തുവിനെ ധരിക്കുക = ലോകത്തിന് മരിക്കുക**
**ലോകത്തിന് മരിക്കുക = ജീവനിലേക്ക് പ്രവേശിക്കുക**
**സ്നാനം = ജീവൻ**

# ക്രിസ്തീയതയും പോരാട്ടവും



തുടർച്ച 2

**നമ്മുടെ ശത്രു** (Our adversary)

ആരാകുന്നു നമ്മുടെ ശത്രു എന്നുള്ളതിനെക്കുറിച്ചു ചിന്തിക്കാം. പല പേരുകളിലാണ് അവൻ അറിയപ്പെടുന്നത്. എഫെ. 6:12-ൽ വാഴ്ചകൾ, അധികാരങ്ങൾ, അന്ധകാരത്തിന്റെ ലോകാധിപതി, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന എന്നിങ്ങനെ കാണുന്നു. കൂടാതെ എഫെ.2:2-ൽ അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവൻ എന്നും പറഞ്ഞിരിക്കുന്നു. ഇതുകൂടാതെ സാത്താൻ, ബെയൽസെബൂൽ, ലൂസിഫർ, അപവാദി, മഹാസർപ്പം, ദുഷ്ടൻ, കള്ളൻ ഇങ്ങനെ ബൈബിൾ അവനു നൽകിയിരിക്കുന്ന പേരുകൾ പലതാകുന്നു എങ്കിലും വ്യക്തി ഒന്നുതന്നെയാണ്.

**സാത്താന്റെ ഉത്ഭവം** (Origin of Satan)

ദൈവത്തിന്റെ സൃഷ്ടിയായ ഒരു മാലാഖ ആയിരുന്നു ഇപ്പോൾ നാം അറിയുന്ന സാത്താൻ. ദൈവം സൃഷ്ടിച്ച അതിമനോഹരരൂപിയായ ദൂതനിൽ അശുദ്ധി പ്രവേശിച്ചപ്പോൾ രൂപാന്തരപ്പെട്ടുവന്നവനാണ് സാത്താൻ എന്ന് ദൈവവചനത്തിൽ നാം കാണുന്നു.

യെഹ.28:12-17 വരെയുള്ള വേദഭാഗത്ത് ലൂസിഫറിനെക്കുറിച്ചുള്ള മനോഹരമായ ഒരു ചിത്രീകരണം നമുക്ക് ലഭിക്കുന്നു. ഉന്നതമായ സ്ഥാനമാനങ്ങൾ അലങ്കരിച്ച് ദൈവത്തിന്റെ വാസസ്ഥലത്ത് അഥവാ ഏദെൻ തോട്ടത്തിൽ നിവസിച്ചിരുന്ന കെരൂബ് എന്നാണവിടെ പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ മഹത്വത്തെ സൂക്ഷിക്കുന്ന വലിയൊരു ദൂതനാണ്. ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമമായതും മനോഹരമായതും ആയിരുന്നു കെരൂബ്. അവന്റെ വിശേഷണങ്ങൾ ശ്രദ്ധിക്കുക:

സൗന്ദര്യ സമ്പൂർണ്ണൻ, ജ്ഞാനസമ്പൂർണ്ണൻ, മാതൃകാമുദ്ര. മാത്രമല്ല 13-ാം വാക്യത്തിൽ (KJV) വാദ്യോപകരണങ്ങളിലുള്ള അവന്റെ സാമർഥ്യം ജന്മസിദ്ധമായിരുന്നു എന്നും കാണുന്നു – "The workmanship of thy tabrets and of thy pipes was prepared in the day that thou was created (V.13. KJV). അതായത്, അവൻ ഒരു സംഗീതജ്ഞനുമായിരുന്നു.

അവൻ സ്വർഗത്തിലെ ആരാധനാസംഘത്തിനു നേതൃത്വം നല്കിയിരുന്നു എന്നു ചിന്തിക്കാവുന്നതാണ്. അങ്ങനെ സകലവിധത്തിലും ഉന്നതമായ സ്ഥാനം അലങ്കരിച്ചിരുന്ന ഒരു സൃഷ്ടി, ഇത്രമാത്രം ഉന്നത പദവികളാൽ അലങ്കരക്കപ്പെട്ടിരുന്ന ഈ ദൂതൻ വീണുപോകുവാൻ തക്കവണ്ണം അവനിൽ പ്രവേശിച്ച പാപം നിഗളമായിരുന്നു. പാപം അഹന്തയുടെ രൂപത്തിൽ സ്വർഗത്തിൽ പ്രവേശിച്ചു! അവന്റെ ഹൃദയം അഹന്തയാൽ നിറഞ്ഞു. തന്നെ സൃഷ്ടിച്ച നാൾ മുതൽ നടപ്പിൽ നിഷ്കളങ്കനായിരുന്ന (വാക്യം 15) വ്യക്തിയിൽ പാപം വന്നുകയറിയപ്പോൾ തന്റെ സ്വഭാവത്തിനു വലിയ വ്യതിയാനം വന്നു. താൻ താനല്ലാതായി മാറി.

ലൂസിഫറിനെ പരാമർശിച്ചിരിക്കുന്ന ഈ വേദഭാഗങ്ങളുടെ ആലങ്കാരികവശം ഉപേക്ഷിച്ചാൽത്തന്നെയും സാത്താൻ എന്ന വികലശക്തിയുടെ പ്രവർത്തനം നമ്മുടെ ജീവിതത്തിൽ ഉണ്ട് എന്നു വ്യക്തമാണ്. കാരണം വീഴ്ചയുടെ വഴിയിൽ ലൂസിഫറിൽ കടന്നുകയറിയ ദോഷസ്വഭാവങ്ങൾ യാതൊരു മാറ്റവുമില്ലാതെ നമ്മുടെ ജീവിതത്തിലും കടന്നുകയറി നമ്മുടെ വീഴ്ചയ്ക്കും നാശത്തിനും കളമൊരുക്കുവാൻ ശക്തിയുള്ളതാണ്. നമ്മുടെ മൽപ്പിടുത്തം നമ്മെ നശിപ്പിച്ചുകളയുന്ന, ലൂസിഫറിന്റെ സ്വഭാവദൂഷ്യങ്ങളോടാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. നമ്മുടെ ബാഹ്യനേത്രങ്ങൾക്കു വിഷയീഭവിക്കുന്ന ഒരു വിചിത്രജീവിയായി ലൂസിഫറിനെയോ സാത്താന്യ ശക്തികളെയോ കാണുവാൻ ശ്രമിക്കാതെ അവരുടെ പ്രവർത്തനമേഖല നമ്മുടെ ആന്തരിക ചിന്താമണ്ഡലമാണെന്നു മനസിലാക്കണം. നമ്മുടെ ചിന്തകളിന്മേലുള്ള അവയുടെ സ്വാധീനം നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിക്കുകയും നാം ജീവിതവഴിയിൽ പ്രതിസന്ധികളിലാവുകയും ചെയ്യുന്നു. എന്നാൽ വഴിയിൽ നമ്മെ കാത്ത് ലൂസിഫർ നില്ക്കുന്നില്ല. ദൈവമക്കൾക്ക് ദൈവദൂതന്മാർ കാവലുണ്ട്. യേശുവിന്റെ ക്രൂശിന്റെ സംരക്ഷണമുണ്ട്. ഭയപ്പെടേണ്ട കാര്യമൊന്നും ഇല്ല. എന്നാൽ നമ്മുടെ ആന്തരീകജീവിതത്തിലേക്കു നാം കടത്തിവിടുന്ന യേശുവിനിഷ്ടമില്ലാത്ത പാപസ്വഭാവങ്ങൾ, മനോഭാവങ്ങൾ, പ്രവർത്തനരീതികൾ ഇവ നമ്മെ ലൂസിഫറിന്റെ ലോകത്തേക്കു കൊണ്ടുപോകും. അത് നമ്മുടെ ജീവിതത്തെ തകർത്തുകളയും. അതിനെ നേരിടാൻ ജാഗ്രത ആവശ്യമാണ്. പ്രധാനമായി മൂന്ന് കാര്യങ്ങളാണ് ലൂസിഫറിന്റെ വീഴ്ചയ്ക്ക് ഹേതുവായത്.(തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

*“കണ്ണൂരിലുണ്ടായ അപകടത്തെ തുടർന്നാണ് കൃഷ്ണനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മസ്തിഷ്ക മരണം സംഭവിച്ചെന്ന് ആശുപത്രി അധികൃതർ വിധിയെഴുതി. പക്ഷേ, അവയവദാനത്തിന് മകൻ സജീവ് സമ്മതിച്ചില്ല. കാത്തിരിക്കാം എന്നായിരുന്നു മകന്റെ മറുപടി. മണിക്കൂറുകൾക്കകം കൃഷ്ണൻ ജീവിതത്തിലേക്കു തിരിച്ചുവന്നു. കാത്തിരിക്കാൻ സജീവ് കാണിച്ച മനോധൈര്യമാണ് കൃഷ്ണനെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചത്.”*

**കഴിഞ്ഞ മാസത്തെ പത്രവാർത്തയാണിത്. ഇതുപോലെ കോമാ സ്റ്റേജിലുള്ള പലരും ജീവൻ പ്രാപിച്ചിട്ടുണ്ട്. ഇതുപോലെയുള്ള സംഭവങ്ങൾ വേദപുസ്തകത്തിലും കാണുവാൻ കഴിയും. അവർ മരിച്ചതല്ല ഉറങ്ങുകയാണെന്ന് യേശുതന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട് . ഉറങ്ങുക എന്നു പറഞ്ഞാൽ മരണം എന്നല്ലല്ലോ അർത്ഥം. അങ്ങനെയെങ്കിൽ യേശു മരിച്ചവരെ ഉയിർപ്പിച്ചു എന്ന് എങ്ങനെ പറയാൻ കഴിയും.**

**– രാജീവ് സദാനന്ദൻ, ചേന്ദമംഗലം, പറവൂർ, എറണാകുളം.**

“ബാലിക മരിച്ചിട്ടില്ല, ഉറങ്ങുക ആകുന്നു” (മത്തായി 9:24). യേശുവിന്റെ ഈ പ്രസ്താവന രണ്ടുതരത്തിലുള്ള അഭിപ്രായങ്ങൾ കേൾവിക്കാരിൽ രൂപപ്പെടുത്തുകയുണ്ടായി. ആയതിൻപ്രകാരം, ബാലിക മരിച്ചിട്ടില്ലായെന്നും അവൾ കേവലം ഉറക്കത്തിൽ ആണെന്നും അതിനാലാണ് യേശു അപ്രകാരം പറഞ്ഞതെന്നും ഒരുകൂട്ടർ വാദിച്ചപ്പോൾ, അതല്ല ബാലിക മരിച്ചുകഴിഞ്ഞുവെന്നും അവൾ മരണംവിട്ട് ഉയിർത്തെഴുന്നേൽക്കേണ്ടവളാകയാലാണ് ക്രിസ്തു അപ്രകാരം പറഞ്ഞതെന്ന് മറ്റൊരു കൂട്ടരും വാദിച്ചു. ഇതിൽ മരിച്ചവർക്കു പുനരുത്ഥാനം ഇല്ലായെന്നു വാദിക്കുന്നവർ ആയിരുന്നു ആദ്യത്തെ കൂട്ടർ എങ്കിൽ മരിച്ചവരുടെ ആത്മാക്കൾക്ക് പുനരുത്ഥാനം ഉണ്ടെന്ന് പഠിപ്പിക്കുന്ന പരീശന്മാരും യേശുവിന്റെ ശിഷ്യസമൂഹവും ആയിരുന്നു രണ്ടാമത്തെ കൂട്ടർ.

യായീറോസിന്റെ മകളെ ഉയിർപ്പിച്ചതായ സംഭവം സമവീക്ഷണ സുവിശേഷങ്ങളിൽ ഒന്നാകെ രേഖപ്പെടുത്തിയതായി കാണുന്നുണ്ടെങ്കിലും അവ തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടുതാനും. ആയതിനാൽ വളരെ ശ്രദ്ധാപൂർവ്വം നാം പ്രസ്തുത വായന ഭാഗങ്ങളിൽകൂടി കടന്നുപോകുന്നില്ലായെങ്കിൽ യേശു പറഞ്ഞ പ്രസ്താവനയെ കേട്ട അന്നത്തെ കേൾവിക്കാരെപ്പോലെ നാമും സംശയാലുക്കളായി മാറുവാൻ സാദ്ധ്യതയുണ്ട്. “If we could read mark without pre-suppositions from Mathew and Luke, we should take the meaning to be come”. “അതായത് വി. മത്തായി, വി. ലൂക്കോസ് എന്നീ സുവിശേഷങ്ങളുടെ പശ്ചാത്തലം ഇല്ലാതെ വി.മാർക്കോസിന്റെ സുവിശേഷത്തിലുള്ള വിവരണം മാത്രം വായിച്ചാൽ ബാലിക തീർത്തും “കൗമെ” എന്ന അവസ്ഥയിലാണെന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരും.”

Coma എന്ന പദത്തിന്റെ അർത്ഥം കടുത്ത അബോധാവസ്ഥ എന്നാകുന്നുവെന്ന് നിഘണ്ടുവിൽ കാണുന്നു. (ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം Dictionary P 157) വി. മാർക്കോസിന്റെ സുവിശേഷത്തിൽ മാത്രം ശ്രദ്ധയൂന്നിയാൽ ബാലിക മരിച്ചിട്ടില്ലായെന്നുള്ള ധ്വനിയാണ് ലഭിക്കുക. എന്നാൽ വി. മത്തായി, വി. ലൂക്കോസ് എന്നീ സുവിശേഷഭാഗങ്ങൾ കൂടി ഇതിനോട് കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ വി.മാർക്കോസിന്റെ ആശയം സംബന്ധിച്ചുള്ള തെറ്റിദ്ധാരണ മാറികിട്ടും. കാരണം വി. മത്താ.9:23-ൽ കുഴലൂതുന്നവരെയും ആരവാരക്കൂട്ടത്തേയും യേശു വിലക്കുന്നതായി കാണാം. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം മരിച്ചവരെ ഓർത്തു കരയുക എന്നുള്ളത് ഏറ്റവും വലിയ ധർമ്മവും കടമയും ആയിട്ടാണ് അവർ കരുതിയിരുന്നത്. നീതിമാനായ ഒരു വ്യക്തിയുടെ മരണത്തിൽ വിലപിക്കാത്തവന്റെ കുഞ്ഞ് ബാല്യത്തിൽ തന്നെ മരിച്ചുപോകും എന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നതായി The social life of a Jew in the time of Jesus Christ എന്ന ഗ്രന്ഥത്തിൽ കാണുന്നു. കൂടാതെ മരണവീടുകളിൽ ദുഃഖം പ്രകടിപ്പിക്കുവാനായി കുഴലൂത്തുകാരെ (Flute Players) വിളിച്ചുവരുത്തിയിരുന്നതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ചരിത്രകാരനായ ജോസിഫസും പറയുന്നു: “most people engaged flute players to lead their lamentations”.

വി. ലൂക്കോസിന്റെ സുവിശേഷത്തിലും ബാലിക മരിച്ചു കഴിഞ്ഞുവെന്നുള്ള ആശയത്തിന് കുറേക്കൂടി ശാക്തീകരണം ലഭിക്കുന്നുണ്ട്. ഈ ഭാഗത്ത് ബാലികയുടെ മരണത്തെ ന്യായീകരിക്കുന്ന രണ്ടു പ്രസ്താവനകൾ ആണ് ഉള്ളത്. “അവരോ: അവൾ മരിച്ചു പോയി എന്നറികകൊണ്ട് അവനെ പരിഹസിച്ചു” എന്നുള്ളതും “അവളുടെ ആത്മാവ് മടങ്ങിവന്നു. അവൾ ഉടനെ എഴുന്നേറ്റു” എന്നുള്ളതും. ആകയാൽ ബാലികയുടെ ആത്മാവും ശരീരവും തമ്മിൽ വേർപെട്ടിരുന്നു അഥവാ അവൾ മരിച്ചിരുന്നുവെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

ഈ വേർപാടിനെ സൂചിപ്പിച്ചുകൊണ്ടാണ് യേശു പറഞ്ഞത് ബാലിക ഉറങ്ങുകയാകുന്നു. ലാസറിന്റെ മരണസമയത്തും യേശു പറഞ്ഞു: “ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു” (വി.യോഹ.11:11). മരണത്തെക്കുറിച്ച് യേശു ഇപ്രകാരം പറയുവാനുള്ള കാരണം എന്ത്? യായീറോസിന്റെ മകളെക്കുറിച്ചും, ലാസറിനെക്കുറിച്ചും അവർ മരിച്ചുപോയി എന്നു പറയാതെ ഉറക്കം എന്നും, നിദ്ര എന്നും ഉള്ള വാക്കുകൾ യേശു ഉപയോഗിക്കുവാനുള്ള കാരണം എന്ത്? ചില സനാതന സത്യങ്ങൾ ജനസമൂഹത്തെ ഇതിൽക്കൂടി പഠിപ്പിക്കുവാനായി യേശു ആഗ്രഹിച്ചുവെന്നുള്ളതാണ് അതിന്റെ അടിസ്ഥാന കാരണം. ഒന്നാമതായി മരണം ഒരു ഉറക്കം മാത്രമെങ്കിൽ തീർച്ചയായും അതിൽനിന്ന് ഒരു ഉണർച്ചയും ഉണ്ട് എന്നുള്ള സത്യം പഠിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു. പുതിയനിയമം ആകമാനം ഒന്നു പരിശോധിച്ചാൽ അവിടെയെല്ലാം തന്നെ മരണത്തെ ഉറക്കത്തോട് ഉപമിച്ചിരിക്കുന്നതായി കാണാം. സ്തേഫാനോസിന്റെ രക്തസാക്ഷി മരണം വിവരിച്ചുകൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് കാണുക: “അവനോ മുട്ടുകുത്തി, കർത്താവേ! അവർക്ക് ഈ പാപം നിർത്തരുതേ എന്ന് ഉച്ചത്തിൽ നിലവിളിച്ചു ഇതു പറഞ്ഞിട്ട് അവൻ നിദ്രയെ പ്രാപിച്ചു” (അ.പ്ര.7:60) വീണ്ടും അപ്പോസ്തോലപ്രവൃത്തികളിൽതന്നെ 13-ാം അദ്ധ്യായം 36-ാം വാക്യത്തിൽ യിസ്രായേലിന്റെ രാജാവായിരുന്ന ദാവീദിന്റെ മരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു: “ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്തശേഷം നിദ്രപ്രാപിച്ചു തന്റെ പിതാക്കന്മാരോട് ചേർന്ന് ദ്രവത്വംകണ്ടു” ഇതേ വിശദീകരണം തന്നെയാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യക്ഷതയുമായി ബന്ധപ്പെടുത്തി 1 കൊരി.15:6-ൽ പ്രസ്താവിച്ചിരിക്കുന്നത്: “അനന്തരം അവൻ അഞ്ഞൂറ്റിൽ അധികം സഹോദരന്മാർക്ക് ഒരുമിച്ചു പ്രത്യക്ഷനായി. അവർ മിക്കപേരും ഇന്നുവരെ ജീവനോടെയിരിക്കുന്നു; ചിലരോ നിദ്ര പ്രാപിച്ചിരിക്കുന്നു.” വീണ്ടും മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ “ക്രിസ്തുവിൽ നിദ്രകൊണ്ടുവരും” എന്ന് 1 കൊരി.15:8-ലും “ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു” എന്ന് 1 കൊരി. 15:26ലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് തെസ്സലോനിക്യ സഭക്കാരെ പ്രത്യാശഭരിതരാക്കുവാൻ വേണ്ടി ശ്രമിക്കുമ്പോൾ പൗലോസ് അപ്പോസ്തോലനും യേശു ഉപയോഗിച്ച പദം ആകുന്ന നിദ്ര എന്ന വാക്കുതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. അദ്ദേഹം പറയുന്നു: “സഹോദരന്മാരെ നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റാളുകളെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തുവെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അങ്ങനെതന്നെ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തിരം അവനോടുകൂടെ വരുത്തും (1 തെസ്സ.4:13,14,15).

പ്രസ്തുത വാക്യങ്ങളിലെല്ലാം തന്നെ നാം കണ്ടതായ നിദ്ര എന്ന ഈ പദം, ഉറക്കം എന്നുള്ള പദത്തിന്റെ പര്യായപദം ആകുന്നുവല്ലോ. അങ്ങനെയെങ്കിൽ മരണത്തെ കേവലം ഉറക്കം എന്ന പ്രക്രിയയുമായി ബന്ധപ്പെടുത്തി ചിത്രീകരിക്കുവാനല്ലേ ക്രിസ്തു ആഗ്രഹിച്ചതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല, കർതൃശിഷ്യന്മാരും, മറ്റു ലേഖനമെഴുതിയവരും എല്ലാം ഇതേ ആശയം തന്നെ വിശ്വാസികളെ പഠിപ്പിക്കുവാനായി ആഗ്രഹിച്ചുവെന്നും പറയാം. ഉറങ്ങുന്ന ഒരു വ്യക്തി അല്പസമയം കഴിയുമ്പോൾ ഉണരുവാൻ വേണ്ടിയാണല്ലോ കിടക്കുന്നത് അവൻ ഉണരുകയും ചെയ്യുന്നു. അത് പ്രകൃതിയുടെ ഒരു നിയമം ആണ്. ആയതുപോലെ, മരിച്ചുപോയവരും, കർത്താവിന്റെ വരവിങ്കൽ ഉറക്കത്തിൽ നിന്ന് എന്നപോലെ ധൃതഗതിയിൽ ഉണർന്നു വരും, സംശയമില്ല. നിദ്ര അഥവാ ഉറക്കം എന്ന ക്രിയാപദത്തിന്റെ ഉപയോഗത്തിൽകൂടി യേശു ജനസമൂഹത്തെ പഠിപ്പിക്കുവാനായി ആഗ്രഹിച്ച ഒന്നാമത്തെ തത്വം അതായിരുന്നു.

രണ്ടാമതായി മരിച്ചുപോയവരെ ഓർത്തുവിലപിക്കേണ്ട ആവശ്യമില്ല എന്നുള്ള വസ്തുതയാണ് യേശു പഠിപ്പിച്ചത്. വി.മത്തായി 9:23-ൽ ഇപ്രകാരം വായിക്കുന്നു. “കുഴലൂതുന്നവരെയും ആരവാരക്കൂട്ടത്തെയും കണ്ടിട്ടു മാറിപ്പോകുവീൻ, ബാല മരിച്ചിട്ടില്ലല്ലോ എന്ന് യേശു പറഞ്ഞു” ബാലികയെ ഓർത്തു അവളുടെ ജീവിതത്തിലെ അവിസ്മരണീയങ്ങളായ സംഭവങ്ങൾ എണ്ണിയെണ്ണി പറഞ്ഞു വിലപിക്കുന്ന ഒരുകൂട്ടം ആളുകൾ യേശു കടന്നു ചെന്നപ്പോൾ ആ ഭവനത്തിൽ ഉണ്ടായിരുന്നു. യഹൂദഭവനങ്ങളിൽ ഇങ്ങനെയുള്ള വിലാപസംഘത്തിന്റെ സാന്നിദ്ധ്യം പതിവായിരുന്നു. കാരണം, മരിച്ചുപോയ വ്യക്തിക്കുവേണ്ടി വിലപിക്കണമെന്നും ആയത് ഒരു യഹൂദന്റെ കടമയാണെന്നും അപ്രകാരം പ്രവർത്തിക്കാത്തവർ ആയതിന്റെ പരിണിതഫലം അനുഭവിക്കേണ്ടിവരുമെന്നും അവർ ഉറച്ച് വിശ്വസിച്ചിരുന്നു. ആയതിനെ സംബന്ധിച്ച് റാബ്ബിമാർ പറഞ്ഞിരിക്കുന്നതു “വിജ്ഞന്മാരായ വ്യക്തികളെക്കുറിച്ച് അവരുടെ മരണസമയത്ത് വിലപിക്കാത്തവരെ ജീവനോടെ ദഹിപ്പിക്കണം” എന്നാണ്. (Hasting dictionary of Christ and the Gospels P.129).


ഇത്തരം വ്യർത്ഥമായ ആചാരങ്ങൾ അർത്ഥശൂന്യമാണെന്ന് ബോധ്യമാക്കിക്കൊണ്ട് എങ്ങനെ ജീവിക്കണം, എങ്ങനെ മരിക്കണം, എന്താണ് മരണം എന്ന് സ്വജീവിതത്തിലൂടെ യേശു വ്യക്തമാക്കി തന്നു. അതുകൊണ്ടാണ് “ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലം” എന്ന് പൗലോസ് അപ്പോസ്തോലൻ രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തു തന്റെ മരണമാകുന്ന ഉറക്കത്തിൽ നിന്നും മൂന്നാം നാൾ ഉണർന്നെഴുന്നേറ്റതുപോലെ, ഓരോ വ്യക്തിയും ഉണർന്നെഴുന്നേൽക്കാൻ വിധിക്കപ്പെട്ടവനാണ്. ആയതിനാലാണ് യായീറോസിന്റെ ഭവനത്തിൽ നിന്നും കുഴലൂതുന്നവരെയും വിലാപക്കാരെയും യേശു ആട്ടിയോടിച്ചതും She is only sleeping എന്നു പറഞ്ഞുകൊണ്ട് മരണത്തെ കേവലം ഉറക്കത്തോട് ഉപമിച്ചതും.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st September 2016
Posted on 15, 16 September 2016
Posted at R.M.S. Kayamkulam



## വിമർശനവും നിലപാടും

**വി**മർശനമാണ് ലോകനവീകരണത്തിനു നിദാനമായിരുന്നിട്ടുള്ളത്. മാനവസമൂഹത്തിന്റെ ധാർമ്മികാധഃപതനാവസ്ഥയിൽ നിന്നും അവരെ ഉദ്ധരിക്കുവാനുള്ള ഉപാധിയാണ് വിമർശനം. ആധുനീക ദശയിൽ എല്ലാ രംഗത്തും ഇത് അനിവാര്യമായി ഭവിച്ചിരിക്കുന്നു. യിസ്രായേലിന്റെ ധർമ്മഭ്യംശത്തിന്റേയും ആദ്ധ്യാത്മികാധഃപതനത്തിന്റേയും കാലത്തു ഒക്കെയും അവരെ ഉദ്ധരിച്ചത് ശക്തരായ വിമർശകരായി ഭവിച്ച പ്രവാചകന്മാരാണ്. ഏലിയാവ്, യിരെമ്യാവ്, യെശയ്യാവ്, ആമോസ് തുടങ്ങിയ പ്രവാചകന്മാർ വിമർശകശ്രേണിയിലെ അതികായകന്മാരാണ്.

പിൽക്കാലത്ത് ക്രൈസ്തവമാർഗ്ഗ നവോദയത്തിനു തുടക്കം കുറിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത സ്നാനപക യോഹന്നാൻ വിമർശനം സംബന്ധിച്ച് ഒരു തീനാളമായിരുന്നു. പിന്നാലെവന്ന യേശുക്രിസ്തുവിന്റെ ശക്തമായ വിമർശനത്തിന്റെ വിളമ്പരങ്ങൾ സുവിശേഷങ്ങളിൽ കാണുവാൻ കഴിയും. അപ്പോസ്തലനായ പൗലോസ് ആക്കമേറിയ വിമർശകനായിരുന്നു എന്നുള്ളതിന്റെ തെളിവുകളാണ് തന്റെ ലേഖനങ്ങൾ. ക്രൈസ്തവമണ്ഡലത്തിൽ പിൽക്കാലത്ത് ഉദിച്ചുയർന്ന നിരൂപകരായിരുന്നു ലൂഥറും കാൽവിനും സ്വിംഗ്ളിയും മറ്റും. ലൂഥറാണ് നവീകരണശില്പിയായി അറിയപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനത്തിനുള്ള ശക്തിയും പ്രചോദനവും ഒറ്റദിവസം കൊണ്ടുണ്ടായതല്ല; ഒരു നീണ്ട തപസ്യയുടെ പരിണിതഫലമാണ്. ഇങ്ങനെ നോക്കുമ്പോൾ വിമർശനം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഉപാധിയാണെന്നു സുവ്യക്തമാകുന്നു. കേരളത്തിൽ നവീകരണപ്രസ്ഥാനത്തിലെ ആദ്യകാല അതികായന്മാരായിരുന്ന മഹാകവി കെ. വി. സൈമൺ, കെ. ഇ. ഏബ്രഹാം, കെ. ജി. തോമസ് എന്നിവരും ഇതേ മാർഗ്ഗത്തിലൂടെ ചരിച്ചു സ്വസമൂഹങ്ങളുടെ മുടക്കിനും വിലക്കിനും പാത്രരായവരാണ്. എന്നാൽ അവരുടെ അക്ഷീണ യത്നത്തിന്റെ ഈടുറ്റ ഫലമാണ് ഇന്നു വളർന്നു വലുതായിരിക്കുന്ന നവീകരണപ്രസ്ഥാനം. "ഇരുപത്തിനാലു അപമര്യാദകൾ" പാടെ വലിച്ചെറിയുവാനുള്ള ശ്രമത്തിന്റെ സമാപ്തിയെന്നവിധം കോഴഞ്ചേരിയിൽ മുത്തപ്പന്റെ പ്രതിരൂപം നശിപ്പിച്ച് ചാത്തപ്പെരുന്നാൾ നിർത്തലാക്കിയ അബ്രഹാം മല്പാനും ഇവിടെ സ്മരണീയനാണ്.

അനീതിക്കും അധർമ്മത്തിനും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി; സമൂഹത്തിന്റെ അഭ്യുദയം ലക്ഷ്യം വച്ചുകൊണ്ട്, വിമർശനത്തിനു മുതിർന്നിട്ടുള്ളവരെല്ലാം കനത്ത സമ്മർദ്ദങ്ങൾക്കും, ഭീഷണികൾക്കും, പീഡകൾക്കും വിധേയരാകുക സ്വാഭാവികമായിരുന്നു. ആദർശനിഷ്ഠയുള്ള ഒരു വിമർശകൻ ആരുടേയും പ്രലോഭനങ്ങൾക്കു വിധേയനാകുകയില്ല. ധീരോദാത്തമായ ഒരു നിലപാട് ആണ് വിമർശകന് സ്വന്തം വ്യക്തിത്വം നിലനിർത്തുന്നതിന് ആവശ്യമായിട്ടുള്ളത്.

## മതങ്ങളും ക്രിസ്തുദർശനവും

ഓരോ മതത്തിലും ജനിക്കുന്നവർ തങ്ങളുടെ മതമാണ് ശരി എന്നു കരുതുന്നുണ്ട്. മതങ്ങൾ തമ്മിൽ പരസ്പര വിരുദ്ധമായ ജീവിത ദർശനങ്ങൾ പുലർത്തുന്നു എന്നതു നേര്. ദുഷ്ടത പ്രവർത്തിക്കുന്നവരെ സംഹരിക്കുന്നതാണ് ശരി എന്നും ആ ശരി ദൈവം ചെയ്യുമെന്നും വിശ്വസിക്കുന്നയാളും ദുഷ്ടത പ്രവർത്തിക്കുന്നവരോടും പാപികളോടും കുരിശുമരണത്തോളം ക്ഷമിക്കണമെന്നും അങ്ങനെ ദുഷ്ടനെ സ്നേഹം കൊണ്ട് സ്വാധീനിച്ചു നല്ലവനാക്കണമെന്നു വിശ്വസിക്കുന്നയാളും വിശ്വാസത്തിന്റെ വിപരീത ധ്രുവങ്ങളിലാണു നിൽക്കുന്നത്.



വിശ്വാസികൾ അവരവരുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുമ്പോൾ അതതു വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കുന്ന പ്രവൃത്തികൾ അവരിൽ പ്രകടമാകും. കഴുത്തറുത്ത് കൊല്ലാൻ തുനിയുന്നവരുടെ നിലപാടുകളും അവരുടെ മുമ്പിൽ ഘാതകർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് യാതൊരു എതിർപ്പും കൂടാതെ മരണത്തിനു ജീവിതം സമർപ്പിച്ച ക്രിസ്തു ശിഷ്യരുടെ നിലപാടുകളും നവമാധ്യമങ്ങളിലൂടെ നമ്മൾ കണ്ടതാണ്. ക്രിസ്തുദർശനം സ്വീകരിച്ചു ക്രിസ്തുവിനു സമർപ്പിച്ചവർ കുരിശിൽ പിടഞ്ഞു മരിച്ച യേശുവിനെപ്പോലെ സമാധാനത്തിന്റെ മാലാഖമാരായി തീരുന്നു. ഒരു കാരണവശാലും തിന്മയെ തിന്മകൊണ്ട് അവർ നേരിടുന്നില്ല.

തിന്മയെ തിന്മകൊണ്ടു നേരിടാമെന്നും ശത്രുവിനെ ഉന്മൂലനം ചെയ്യണമെന്നുമുള്ള പ്രത്യയശാസ്ത്രം സ്വീകരിക്കുന്നവർ തിന്മയുടെ അളവ് വർധിപ്പിക്കുന്നവരാണ്. ഇവിടെ ഒരു മതത്തിന്റെ വിശുദ്ധഗ്രന്ഥം ദൈവത്തിന്റെ പേരിൽ പറയുന്നതു കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നാണ്. ആ വിശ്വാസികൾ ഇന്നും അതിനനുസരിച്ചു പ്രവർത്തിക്കുന്നു. തല്ലുന്നവരെ കൊല്ലുന്ന കാലത്ത് കണ്ണിനുപകരം കണ്ണ് മെച്ചപ്പെട്ട ദർശനമാണ്.

എന്നാൽ, ക്രിസ്തു പഠിപ്പിച്ചു: ശപിക്കുന്നവരെ അനുഗ്രഹിക്കുക, ഉപദ്രവിക്കുന്നവർക്ക് ഉപകാരം ചെയ്തുകൊടുക്കുക, വെറുക്കുന്നവരെ സ്നേഹിക്കുക.

ലോകത്തിന് അല്പമെങ്കിലും സമാധാനം ലഭിക്കുന്നുന്നതിനു കാരണം ഈ നിലപാടുള്ള കുറച്ചുപേരെങ്കിലും ഭൂലോകത്തിലുണ്ട് എന്നതാണ്. സോദോം, ഗോമോറ നഗരങ്ങളുടെ രക്ഷയ്ക്കു പത്തു നീതിമാന്മാരെ ദൈവം ചോദിച്ചില്ലേ. അതാണ് നീതിമാന്റെ വില.

മതങ്ങൾ പരസ്പരവിരുദ്ധമായ നിലപാടെടുക്കുമ്പോൾ യേശുക്രിസ്തുവിന്റെ നിലപാടാണ് സ്വീകാര്യമാവേണ്ടത്. കാരണം അവിടുന്ന് സ്രഷ്ടാവായ ദൈവത്തിന്റെ കാണപ്പെട്ട രൂപമാണ്. അതായത് യേശുക്രിസ്തു ദൈവം തന്നെയാണ്!




☺ആകാശത്തേക്ക് നോക്കിയാൽ ദൈവത്തിന്റെ മഹത്ത്വം കാണാം. പ്രകൃതിയിലേക്ക് നോക്കിയാൽ ദൈവത്തിന്റെ കരവിരുത് കാണാം. കണ്ണാടിയിലേക്ക് നോക്കിയാലോ.

*ജോളി സാമുവേൽ, ആലുവിള, കുന്നത്തുകൽ, തിരുവനന്തപുരം.*

☹ **ദൈവത്തിന്റെ വ്യസനത്തിനുള്ള കാരണം കാണാം.**

☺ പത്തനാപുരത്തെ ഗണേഷ് കുമാർ, ടിനു ജോർജ്ജ് പറഞ്ഞ ഭൂരിപക്ഷത്തിൽ വിജയിച്ചു. ഗണേഷിനെ പോലുള്ളവർ യേശുവിൽ വിശ്വസിക്കാൻ കാരണം ഇതുപോലുള്ള ദൈവദാസന്മാരാണെന്ന് മറക്കരുത്.

*പാസ്റ്റർ ബിബിൻ തോമസ്, ചെറുവയ്ക്കൽ, ആയൂർ, കൊട്ടാരക്കര.*

☹**കഴിഞ്ഞ പ്രാവശ്യം ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത ഗണേഷ് വിശ്വാസത്തിന്റെ ആധിക്യം കൊണ്ടായിരിക്കും ഇപ്രാവശ്യം ദൈവത്തെ ഉപേക്ഷിച്ച് 'സഗൗരവ' പ്രതിജ്ഞ എടുത്തത്.**

☺ഭൂതത്തെ പുറത്താക്കാൻ അലറിവിളിക്കുന്നതെന്തിനാണ്.

*സൂസൻ തോമസ്, മുട്ടമ്പലം, കഞ്ഞിക്കുഴി, കോട്ടയം*

☹**വിശ്വാസവും ആത്മാവും പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഭൂതത്തെ ഒന്ന് വിരട്ടിവിടാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.**

☺ നേതാക്കന്മാരുടെ പ്രവർത്തിയും പെരുമാറ്റവും വളരെ മോശം. ഇവർക്ക് വർത്തമാനത്തിലെങ്കിലും മാന്യരായിക്കൂടെ.

*പി.വി.ഷാജി, മേരിഗിരി, കട്ടപ്പന, ഇടുക്കി.*

☹**ക്ഷമിക്കണം. പ്രവർത്തിദോഷം വർത്തമാനത്തിൽ അറിയാതെ വരുന്നതാണ്.**

☺അനുഗ്രഹം പ്രസംഗിക്കുന്നവരെക്കുറിച്ച്.

*വിമല പണിക്കർ, കാഞ്ഞിരത്തുംമൂട്, മുളക്കുഴ, ചെങ്ങന്നൂർ.*

☹**സ്വന്തം ആഗ്രഹങ്ങളുടെ ശവപറമ്പ് വിൽക്കുന്നവർ.**

☺കണ്ടതുപറഞ്ഞാൽ കണ്ണിനുകേട്. അങ്ങനെയെങ്കിൽ കണ്ടത് പറയാതിരുന്നാലോ.

*ഷൈനി വിൽസൻ, തട്ടയിൽ, അടൂർ, പത്തനംതിട്ട*

☹**കണ്ടവൻ കൊണ്ടുപോകും**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew